بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 8

ലക്കം 39

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 സെപ്റ്റംബർ 28/ ഹി.ശം 1402 തബൂക്ക് 28/ റബീഉൽ അവ്വൽ 12


## അല്ലാഹുവിന്റെ വചനം

اَفَلَا یَتُوۡبُوۡنَ اِلَی اللّٰہِ
وَیَسۡتَغۡفِرُوۡنَہٗ ؕ
وَاللّٰہُ غَفُوۡرٌ رَّحِیۡمٌ ○
(المائدہ:75)

അവർ ഇനിയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും അവനോടു പാപമോചനത്തിന് അർഥിക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(5:75)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**സത്യവിശ്വാസികൾകെട്ടിടംപോലെ!**

(2446)ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ)നിവേദനം. നബി(സ)തിരുമേനി ഏഴുകാര്യങ്ങൾ ചെയ്യാൻ കല്പന നല്കി. ഏഴു കാര്യങ്ങൾ വിരോധിക്കുകയും ചെയ്തു. രോഗികളെ സന്ദർശിക്കൽ, ജനാസയെ പിൻപറ്റൽ, തുമ്മുന്നവന് മറുപടി നല്കൽ, പീഢിതരെ സഹായിക്കൽ, ക്ഷണം സ്വീകരിക്കൽ, സത്യം ചെയ്യുന്നവൻ അത് പൂർത്തിയാക്കുക.

(2446) ഹദ്റത്ത് അബൂമൂസാ (റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: മുഅ്മിൻ പരസ്പരം കെട്ടിടം പോലെയാണ്. അതിന്റെ ഒരു ഭാഗം മറ്റേഭാഗത്തെ ശക്തിപ്പെടുത്തുന്നു. ഇതു വ്യക്തമാക്കുന്നതിന് അവിടന്ന് കൈവിരലുകൾ കോർത്തുപിടിച്ച് കാണിച്ചു. (സ്വഹീഹ് ബുഖാരി, വാള്യം 4, കിതാബുൽ മള്വാലിം, പ്രസാധനം 2008 ഖാദിയാൻ)

**وَاَمَّا السَّآئِلَ فَلَا تَنۡہَرۡ യാചകനെ വിരട്ടരുതെന്ന് വിശുദ്ധ ഖുർആനിലും നിർദേശമുണ്ട്. അതുകൊണ്ട് ഓർക്കുക, യാചകനെ വിരട്ടരുത്! കാരണം അതുമുഖേന ഒരു തരത്തിലുള്ള ദുസ്സ്വഭാവത്തിന്റെ വിത്താണ് വിതയ്ക്കപ്പെടുന്നത്. സൽസ്വഭാവത്തിന്റെതേട്ടം യാചകനോടു ക്ഷണത്തിൽവെറുപ്പ് കാണിക്കരുതെന്നാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### യാചകനെ ആട്ടി അകറ്റരുത്

യാചകനെ കണ്ടാൽ ആട്ടിയകറ്റുക എന്നത് ചിലരുടെ ശീലമാണ്. കുറച്ച് മൗലവിയ്യത്തുണ്ടെങ്കിൽ അയാൾക്കെന്തെങ്കിലും കൊടുത്ത് പറഞ്ഞുവിടുന്നതിനു പകരം യാചനയുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ തുടങ്ങുന്നു. അയാളിൽ തന്റെ മൗലവിയ്യത്തിന്റെ ഗർവ് സ്ഥാപിച്ച് ചിലനേരത്ത് കൊടും മടിയനാണെന്നും പറഞ്ഞിരിക്കുന്നു. അഹോ കഷ്ടം!ഇവർക്ക് സൽഹൃദയനും സൽപ്രകൃതനുമായ മനുഷ്യന് കിട്ടുന്ന ബുദ്ധിയുമില്ല, ചിന്തിക്കാനുള്ള കഴിവുമില്ല. യാചകൻ ആരോഗ്യവാനായിട്ടും യാചിക്കുകയാണെങ്കിൽ അയാൾ സ്വയം പാപം ചെയ്യുകയാണെന്നുപോലും ചിന്തിക്കുന്നില്ല. അവനെന്തെങ്കിലും കൊടുത്തതുകൊണ്ട് പാപമൊന്നുമാകുകയില്ല. എന്നല്ല ഹദീഥ്ശരീഫിൽ ലൗ അത്താക്ക റാകിബൻ എന്ന പദം വന്നിട്ടുണ്ട്. അതായത് യാചകൻ വാഹനത്തിൽ യാത്ര ചെയ്തു വന്നാലും എന്തെങ്കിലും കൊടുക്കേണ്ടതാണ്. വ അമ്മസ്സാഇല ഫലാ തൻഹർ യാചകനെ വിരട്ടരുതെന്ന് വിശുദ്ധ ഖുർആനിലും നിർദേശമുണ്ട്. ഇതിൽ ഇന്ന തരത്തിലുള്ള യാചകനെ വിരട്ടരുതെന്നും അങ്ങനെയുള്ള യാചകനെ വിരട്ടരുതെന്നും വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് ഓർക്കുക, യാചകനെ വിരട്ടരുത്! കാരണം അതുമുഖേന ഒരു തരത്തിലുള്ള ദുസ്സ്വഭാവത്തിന്റെ വിത്താണ് വിതയ്ക്കപ്പെടുന്നത്. സൽസ്വഭാവത്തിന്റെതേട്ടം യാചകനോടു ക്ഷണത്തിൽവെറുപ്പ് കാണിക്കരുതെന്നാണ്. ഈ രീതിയിൽ നിങ്ങളെ നന്മയിൽനിന്ന് തടയുകയും തിന്മയുടെ അനന്തരാവകാശിയാക്കുകയും ചെയ്യുകയെന്നതാണ് ശയ്ത്വാനിന്റെ ആഗ്രഹം.

ഒരു നന്മയിൽനിന്ന് മറ്റൊരു നന്മ ഉണ്ടാകുന്നു:

ചിന്തിക്കുവിൻ!ഒരു നന്മ ചെയ്യുമ്പോൾ മറ്റൊരു നന്മ ഉണ്ടാകുന്നു. ഇപ്രകാരം ഒരു തിന്മ മറ്റൊരു തിന്മയ്ക്ക് കാരണമാകുന്നു. ഒരു വസ്തു മറ്റൊരു വസ്തുവിനെ ആകർഷിച്ചെടുക്കുന്നതുപോലെ! ഇപ്രകാരം അല്ലാഹു ഈ ആകർഷണസിദ്ധാന്തം എല്ലാ വസ്തുവിലും വെച്ചിരിക്കുന്നു. അതിനാൽ യാചനോടു മൃദുലമായി പെരുമാറുകയും ധാർമികപരമായ സ്വദഖ കൊടുക്കുകയും ചെയ്യുകയാണെങ്കിൽ പിശുക്ക് അകന്നുപോകുന്നതായിരിക്കും മറ്റുനന്മകളും ചെയ്യുന്നതായിരിക്കും അവനെന്തങ്കിലും കൊടുക്കുകയും ചെയ്യും. (മൽഫൂദാത്ത്, വാള്യം 1, പേജ് 480, പ്രസാധനം 2018 ഖാദിയാൻ)

**ലോകത്തിലെ എല്ലാ വസ്തുക്കളും എന്തെങ്കിലുമൊക്കെ ഫലമുൾക്കൊള്ളുന്നുണ്ട്. ഫലമില്ലാത്തതായി ഒരു വസ്തുവുമില്ല.അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ ഈ കൽപന പ്രയോജനപ്പെടുത്തുന്നത് വിട്ടുകളഞ്ഞു. ഗവേഷണത്തിന്റേയും കണ്ടുപിടിത്തത്തിന്റേയും പ്രവൃത്തി അവഗണിച്ചുകളഞ്ഞു. വിശുദ്ധഖുർആനെ വിശ്വസിക്കുന്നവരല്ലാതിരുന്നിട്ടും യൂറോപ്യന്മാർ ഈ കൽപനയനുസരിച്ചു പ്രവർത്തിച്ചു. അറിവുകളിൽ എത്രമാത്രം അഭിവൃദ്ധിപ്രാപിച്ചുവെന്നാൽ മുഴുലോകത്തിനുമേലും വിജയംനേടി.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 8-ാമത്തെ വചനമായ ഇന്നാ ജഅൽനാ മാ അലൽഅർളി സീനത്തൻല്ലഹാ ലിനബ്ലുവഹും അയ്യുഹും അഹ്സനു അമലൻ (തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളേയും നാം അതിനൊരു അലങ്കാരമാക്കി വെച്ചിരിക്കുന്നു.(മനുഷ്യരിൽ)ഏറ്റവും നന്നായി പ്രവർത്തിക്കുന്നർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിനുവേണ്ടി)എന്നതിനെഴുതിയവ്യാഖ്യാനത്തിൽപറയുന്നു:

നാം ഭൂമിയിൽ ആയിരക്കണക്കിന് വസ്തുക്കളെ സൃഷ്ടിച്ചു. അതിന്റെ ഉദ്ദേശ്യം മനുഷ്യർക്ക് ഒരു ജോലിയുണ്ടാക്കുക എന്നതാണ്. അവർ ആ വസ്തുക്കളെ അന്വേഷിച്ചു കണ്ടെത്തുക. പിന്നീട് അതിനെ പ്രയോജനപ്പെടുത്തുക. 'സീനത്തുൻ' എന്നു പറഞ്ഞുകൊണ്ട് സൂചിപ്പിച്ചിട്ടുള്ളത് ലോകത്തിലെ എല്ലാ വസ്തുക്കളും എന്തെങ്കിലുമൊക്കെ ഫലമുൾക്കൊള്ളുന്നുണ്ടെന്നാണ്. ഫലമില്ലാത്തതായി ഒരു വസ്തുവുമില്ല. ഈ ഒരേയൊരു പദത്തിൽ ലോകത്തിലെ ഒരു വസ്തുവും വ്യർഥമല്ലെന്ന പോയന്റ് എങ്ങനെയാണ് വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. ബഅ്ളുഹാ സീനത്തൻ എന്നായിരുന്നെങ്കിൽ ചില വസ്തുക്കൾ ഫലപ്രദമാണെന്നും ചിലതല്ലെന്നും വിചാരിക്കാമായിരുന്നു. എന്നാൽ, അല്ലാഹു ലോകത്തുള്ള സകല വസ്തുക്കളേയും ലോകത്തിന് അലങ്കാരത്തിന് കാരണമാണെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇസ്ലാമിന്റെനോട്ടത്തിൽ ലോകത്തിലെ സർവവസ്തുക്കളിലും പ്രയോജനങ്ങളുണ്ടെന്ന് മനസ്സിലായി. അത് ഒരു സൗന്ദര്യം അതായത് സവിശേഷത ഉൾക്കൊള്ളുന്നു. ലോകത്തിന് സൗന്ദര്യം കൂട്ടാത്തതായ ഒരു വസ്തുവുമില്ല. അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ

(ശേഷം പേജ് 12ൽ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:


**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**







### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 ആഗസ്റ്റ് 25 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**പാപത്തിൽനിന്ന് സത്യസന്ധമായി തൗബ ചെയ്യുന്നവൻ ഒരു പാപവും ചെയ്യാത്തവനെപ്പോലെയാണ്. (അൽഹദീഥ്)**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനോടു ഇസ്തിഗ്ഫാറിനേയും തൗബയേയും കുറിച്ച് നിരന്തരം പറഞ്ഞുകൊണ്ടിരുന്നു.**

**നമ്മൾ നമ്മുടെയുള്ളിൽ പരിശുദ്ധമായ ഒരു മാറ്റം സൃഷ്ടിക്കാതിരിക്കുകയും യഥാർഥ തൗബയിലേക്കും സത്യസന്ധമായ ഇസ്തിഗ്ഫാറിലേക്കും ശ്രദ്ധ ചെലുത്താതിരിക്കുകയമാണെങ്കിൽ നമ്മൾ നമ്മളെ പരിഷ്കരിച്ചെടുക്കുമെന്ന് ചെയ്തിട്ടുള്ള നമ്മുടെ പ്രതിജ്ഞ നമുക്ക് ഒരു ഗുണവും ചെയ്യില്ല.**

**'ആത്മീയമായ വ്യായാമത്തിനുള്ള ദണ്ഡാണ് ഇസ്തിഗ്ഫാർ. അതിനോടൊപ്പം ആത്മാവിന് ഒരു ശക്തി ലഭിക്കുകയും മനസ്സിന് സ്ഥൈര്യമുണ്ടാകുകയും ചെയ്യുന്നു. ആർക്കാണോ ശക്തി ആവശ്യമുള്ളത് അവർ ഇസ്തിഗ്ഫാർ ചെയ്തുകൊള്ളട്ടെ.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**ഇസ്ലാമിൽ തൗബയ്ക്ക് ഏതെങ്കിലും മതത്തിന്റെ ആവശ്യമില്ല. എല്ലാ ഓരോ മതത്തിന്റേയും നിയന്ത്രണത്തോടുകൂടി തൗബ സ്വീകരിക്കപ്പെടുന്നതായിരിക്കും. അല്ലാഹുവിന്റെ ഗ്രന്ഥത്തേയും അല്ലാഹുവിന്റെ റസൂലിനേയും നിഷേധിക്കുന്നവരുടെ പാപം മാത്രമാണ് ബാക്കിയാകുന്നത്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**നബിമാരുടെ ഇസ്തിഗ്ഫാറിന്റേയും യാഥാർഥ്യം ഇതുതന്നെയാണ്. അതായത് അവർ പാപമുക്തരാണ്. എന്നാൽ, അവർ ഇസ്തിഗ്ഫാർ ചെയ്യുന്നത് ഭാവിയിൽ ആ ശക്തി പ്രകടമാകരുതെന്ന നിലയിലാണ്.**

**ഇപ്പോൾ ലോകത്ത് യുദ്ധപരമായ അവസ്ഥകളാണുള്ളത്. ഈ അവസ്ഥകളിലും ലോകത്തെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി, തങ്ങളെത്തന്നെ സുരക്ഷിതമാക്കി വെക്കുന്നതിനുവേണ്ടി അഹ്മദികളായ നമ്മളും ധാരാളമായി ഇസ്തിഗ്ഫാർ ചൊല്ലേണ്ടതാണ്.**

**മനസ്സിൽനിന്ന് പുറപ്പെടുന്ന ദുആയാണ് യഥാർഥ ദുആ. നാശം വരുന്നതിനുമുമ്പേ മനുഷ്യൻ സ്വയമേവ മനസ്സുകൊണ്ട് അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ പിന്നീട് കരുണാനിധിയും ഉദാരനുമായ അല്ലാഹു ആ ബലാ നീക്കിത്തരുന്നു. പക്ഷേ, നാശം ഇറങ്ങിക്കഴിഞ്ഞാൽ അതു നീങ്ങിപ്പോകുകയില്ല.**

**വിപത്തുകളും നാശങ്ങളും ഉറുമ്പുകളെപ്പോലെ മനുഷ്യനോടൊപ്പം കൂടിയിരിക്കുയാണ്. സത്യഹൃദയത്തോടെ തൗബ-ഇസ്തിഗ്ഫാറിൽ മുഴുകിയിരിക്കുയല്ലാതെ അവയിൽനിന്ന് രക്ഷപ്പെടാൻ ഒരു വഴിയുമില്ല.**

**ഇസ്തിഗ്ഫാർ ഒരു അറബി പദമാണ്. പാപപ്പൊറുതി തേടുക എന്നാണ് അതിന്റെ അർഥം. യാ ഇലാഹീ!മുമ്പേ ഞങ്ങളിൽനിന്നുണ്ടായിട്ടുള്ള പാപങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിച്ചാലും. കാരണം പാപം ഒരു വിഷമാണ്. അതിന്റെ സ്വാധീനവും തീർച്ചയായുമുണ്ട്. പാപം ഞങ്ങളിലൊരിക്കലുമുണ്ടാകാതിരിക്കാൻ ഭാവിയിൽ ഞങ്ങളെ കാത്തുസംരക്ഷിച്ചാലും.......തൗബ എന്നതിന്റെ അർഥം ലജ്ജയോടും ഖേദത്തോടുംകൂടി ഒരു ചീത്തപ്പണിയിൽനിന്ന് മടങ്ങുക.**

**ആരാണോ മനുഷ്യനായിക്കൊണ്ട് ഇസ്തിഗ്ഫാറിന്റെ ആവശ്യം മനസ്സിലാക്കാത്തത് അവൻ മര്യാദകെട്ടവനും നാസ്തികനുമാണ്.**

**ആരാധനയുടെ യോഗ്യതാനിലവാരം കരസ്ഥമാക്കുന്നതിനും ഇസ്തിഗ്ഫാറിന്റെ വളരെ ആവശ്യമുണ്ട്.**

**മനുഷ്യൻ പാപങ്ങളിൽനിന്നെല്ലാം പിന്മാറി സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അതിനെക്കാൾ കൂടുതൽ അവനിലേക്ക് മടങ്ങുന്നു.**

**ഇസ്തിഗ്ഫാറിനും തൗബയ്ക്കും ഫലമുണ്ടാകുന്നത് അടിസ്ഥാനപരമായ കൽപനകളേയും മുന്നിൽവെച്ചുകൊണ്ട് അവയെ ശരിയായ നിലയിൽ പിൻപറ്റുമ്പോഴാണ്. നമസ്കാരങ്ങൾ നിർവഹിക്കുന്നത് നിയമാനുസൃതമായിരിക്കണം. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ശരിയായ നിലയിൽ നിറവേറ്റണം.**

**ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)ന്റെ മകൾ ആനിസ ബീഗം സാഹിബ, സിയാൽക്കോട്ടിലെ ബുശ്റാ അക്റം സാഹിബ,ഓസ്ട്രേലിയായിലെ ചൗദ്ദരി മുഹമ്മദ് അഖ്തർ സാഹിബ്ന്റെ ഭാര്യ മുസർറത്ത് ജഹാൻ സാഹിബ, അമേരിക്കയിലെ നാസിർ അഹ്മദ് ഖുറയ്ശി സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ 2023 ആഗസ്റ്റ് 25/1402 ളുഹൂർ 25**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്, യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

അല്ലാഹുതആലാ തന്റെ ദാസരുടെ ഇസ്തിഗ്ഫാറും തൗബയും സ്വീകരിക്കുന്നവനാകുന്നു; എന്നാൽ, അത് സത്യസന്ധമായ തൗബയായിരിക്കണം, വായകൊണ്ടുള്ള ഉരുവിടൽ മാത്രമാകരുതെന്ന താണ് നിബന്ധന. പശ്ചാത്തപിക്കുന്നവർക്ക് സമ്പത്തും സന്താനങ്ങളും നൽകി അല്ലാഹു അനുഗ്രഹിക്കുമെന്നും ഇത് ദൈവിക ശിക്ഷയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗമാണെന്നും വിശുദ്ധ ഖുർ ആനിൽ പലയിടത്തും പരാമർശിച്ചിട്ടുണ്ട്. (71:13). ഇസ്തിഗ്ഫാർ ചെയ്യുന്നവൻ അല്ലാഹുവിന്റെ കാരുണ്യം ആകർഷിച്ചെടുക്കുന്നവനായിത്തീരുന്നു. ഒരിടത്ത്, അല്ലാഹു ഇസ്തിഗ്ഫാർ ചെയ്യുന്നവർക്ക് സുവാർത്ത നൽകിക്കൊണ്ട് പറഞ്ഞു: അവർ അല്ലാഹുവിനെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായി തീർച്ചയായും കണ്ടെത്തുന്നതാണ്.(4:65). പക്ഷേ, യഥാർഥ ഇസ്തിഗ്ഫാറും സത്യസന്ധമായ തൗബയും ആയിരിക്കണമെന്നതാണ് നിബന്ധന. ഒരുഹദീഥിൽ വരുന്നു. ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പാപത്തിൽനിന്ന് സത്യസന്ധമായി തൗബ ചെയ്യുന്നവൻ ഒരു പാപവും ചെയ്യാത്തവനെപ്പോലെയാണ്. അല്ലാഹു ഏതെങ്കിലും വ്യക്തിയെ സ്നേഹിക്കുമ്പോൾ, പാപം അവന് ഒരു നഷ്ടവും വരുത്തുകയില്ല. അതായത് പാപത്തിന്റെ ചാലകശക്തികൾക്ക് അവനെ തിന്മയിലേക്ക് ചായിക്കാൻ കഴിയുകയില്ല. തിന്മയുടെ ദുഷ്ഫലങ്ങളിൽനിന്ന്

അല്ലാഹു അവനെ കാത്തുസൂക്ഷിക്കുന്നു. പിന്നീട് നബി(സ)തിരുമേനി ഈ ആയത്തോതി: *ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വ യുഹിബ്ബുൽ മുത്തത്വഹ്ഹരീൻ(2:223)* നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ സ്നേഹിക്കുന്നു. പരിശുദ്ധി കൈവരിക്കുന്നവരേയും അവൻ സ്നേഹിക്കുന്നു. ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ റസൂലേ!തൗബയുടെ അടയാളമെന്താണ്? ശരിയായ തൗബയാണെന്ന് എങ്ങനെയാണ് അറിയാൻ കഴിയുക? നബി(സ)തിരുമേനിപറഞ്ഞു: 'ലജ്ജയും മാനസാന്തരവും തൗബയുടെ അടയാളമാണ്.'(കൻസുൽ ഉമ്മാൽ, ഭാഗം 4, പേജ്261, കിതാബുത്തൗബ, ഹദീഥ് 10428, പ്രസാധനം മുഅസ്സസത്തുർരിസാല, ബെയ്റൂത്ത് 1985)

അതിനാൽ യഥാർഥമായ നിലയിൽ പശ്ചാത്തപിച്ചു മടങ്ങുന്നവൻ താൻ ചെയ്തുപോയ ദുഷ്പ്രവൃത്തിയെ കുറിച്ച് ദുഃഖവും ലജ്ജയും കാണിച്ച് പാപങ്ങളിൽനിന്ന് പരിശുദ്ധനാകുമ്പോൾ അവിടെ അവന് അല്ലാഹുവിന്റെ സ്നേഹവും ലഭിക്കുന്നു. നിരന്തരം അല്ലാഹുവിന്റെ കരുണയിൽനിന്ന് പങ്കുപറ്റുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ്മൗഊദ്(അ)ഒരു സ്ഥലത്ത് സത്യസന്ധമായ നിലയിൽ തൗബചെയ്യുന്നതിന്റെ നിബന്ധനകളെ കുറിച്ച് പറഞ്ഞു. അതിൽ ആദ്യത്തെ നിബന്ധനയായി പറഞ്ഞത് മോശമായ ചിന്തകളേയും ദുഷിച്ച ഭാവനകളേയും ഉപേക്ഷിക്കുക എന്നതാണ്. അതുകൊണ്ട് ഏതൊരു ചിന്താഗതികളാണോ ചീത്തയായ ആനന്ദത്തിന് കാരണമായി മനസ്സിലാക്കപ്പെടുന്നത് അവയെല്ലാം പൂർണമായ നിലയിൽ ഉപേക്ഷിക്കുക. ഇത് മനുഷ്യനു ചെയ്യേണ്ടിവരുന്ന വളരെ വലിയ ജിഹാദാണ്. അപ്പോഴാണ് തൗബയിലേക്ക് ചുവടുയരുന്നത്. രണ്ടാമത്തെ നിബന്ധന യഥാർഥ ലജ്ജയും ചെയ്തുപോയ തെറ്റിനെക്കുറിച്ച് പശ്ചാത്താപം പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ ഭൗതികാനന്ദങ്ങളും രുചികളും താൽക്കാലികമായ കാര്യങ്ങളാണെന്ന് ചിന്തിക്കുക. മനുഷ്യന്റെ ആയുസ്സ് കഴിഞ്ഞുപോകുന്നതിനോടൊപ്പം നിത്യവും അതിൽ കുറവുവന്നുകൊണ്ടിരിക്കുന്നു. അപ്പോൾപ്പിന്നെ മനുഷ്യനെന്തിനാണ് അവയെ കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്നത്? ഈ യാഥാർഥ്യം മനസ്സിലാക്കുകയും തൗബ ചെയ്യുകയും ചെയ്തുപോയ തെറ്റിൽ യഥാർഥമായ ദുഃഖം പ്രകടിപ്പിക്കുകയും ചെയ്യുന്നവൻ സൗഭാഗ്യനാണ്. ചെയ്തുപോയ തെറ്റിൽ യഥാർഥമായ ദുഃഖം പ്രകടിപ്പിക്കുന്നതിനെ കുറിച്ചാണ് നബി(സ)തിരുമേനി പറഞ്ഞത്. മൂന്നാമത്തെ നിബന്ധന തിന്മകളുടെ അടുത്ത് പോകുകയില്ലെന്ന് ഉറച്ച തീരുമാനമെടുക്കുക എന്നതാണ്. തിന്മയുടെ അടുത്ത് പോകുകയില്ലെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് അതുമതി എന്നു കരുതി അവിടെത്തന്നെ നിന്നുപോകാൻ പാടില്ല, പ്രത്യുത ഉൽകൃഷ്ടമായ സ്വഭാവങ്ങളും പരിശുദ്ധമായ പ്രവർത്തനങ്ങളും അതിന്റെ സ്ഥാനത്ത് ചെയ്തുകൊണ്ടിരിക്കുകയും വേണം.(മൽഫൂദാത്ത് വാള്യം 1, പേജ് 138 -139,1984 പതിപ്പ്) ഇതാണ് യഥാർഥ തൗബ അഥവാ മാനസാന്തരം. ഇതാണ് ചെയ്തുപോയ ദുഷ്പ്രവൃത്തിയെ കുറിച്ചുള്ള ദുഃഖവും. ഈ അവസ്ഥ കൈവരിക്കുമ്പോൾ, അല്ലാഹു തന്റെ ദാസന്മാരെ സ്നേഹിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തൗബയേയും ഇസ്തിഗ്ഫാറിനേയും കുറിച്ച് നിരന്തരം നമ്മെ ഓർമിപ്പിക്കുന്നുണ്ട്.

മനുഷ്യൻ തെറ്റുകൾ ചെയ്യുന്നു. ഈ തെറ്റുകൾ ആവർത്തിച്ചാവർത്തിച്ച് ചെയ്യുമ്പോൾ ഒന്നിനു പിറകെ മറ്റൊരു പാപത്തിൽ അകപ്പെട്ടുകൊണ്ടുപോകുന്നു. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനോടു പൊറുക്കലിനെ തേടിക്കൊണ്ട് നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധമാക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടുപോകേണ്ടതാണ്. എപ്പോഴെങ്കിലും അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നഷ്ടപ്പെട്ടുപോകുമോ എന്ന ചിന്തയിലിരിക്കേണ്ടതാണ്.

ഞാൻ പറഞ്ഞതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനോടു ഇസ്തിഗ്ഫാറിനേയും തൗബയേയും കുറിച്ച് നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. അവിടന്ന് എത്രമാത്രം ചിന്താകുലനായിരുന്നുവെന്നാൽ, ജമാഅത്തിന്റെ ശ്രദ്ധയിൽപ്പെടുത്താത്ത ഒരു അവസരവുമുണ്ടായിട്ടില്ല. തന്റെ മജ്‌ലിസുകളിലും തന്റെ എഴുത്തുകളിലും നിരന്തരം ശ്രദ്ധക്ഷണിച്ചുകൊണ്ടിരുന്നു. അതിനാൽ, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപ്പനകളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയ വാക്കുകൾ എപ്പോഴും നമ്മൾ നമ്മുടെ മുന്നിൽ വെക്കുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുകയും ചെയ്യേണ്ടത് ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരാൻ വളരെ നിർബന്ധമായ കാര്യമാണ്.

നമ്മൾ നമ്മുടെയുള്ളിൽ പരിശുദ്ധമായ ഒരു മാറ്റം സൃഷ്ടിക്കാതിരിക്കുകയും യഥാർഥ തൗബയിലേക്കും സത്യസന്ധമായ ഇസ്തിഗ്ഫാറിലേക്കും ശ്രദ്ധ ചെലുത്താതിരിക്കുകയമാണെങ്കിൽ നമ്മൾ നമ്മളെ പരിഷ്കരിച്ചെടുക്കുമെന്ന് ചെയ്തിട്ടുള്ള നമ്മുടെ പ്രതിജ്ഞ നമുക്ക് ഒരു ഗുണവും ചെയ്യില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരുപാടു സ്ഥലങ്ങളിൽ തൗബയെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ചില ഉദ്ധരണികൾ സമർപ്പിക്കുകയാണ്.

ഇസ്തിഗ്ഫാറിന്റെ നേട്ടമെന്താണ്? ഇതു വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:'വ അനിസ്തഗ്ഫിറൂ റബ്ബക്കും ഥുമ്മ തൂബു ഇലയ്ഹി(11:4)(നിങ്ങളുടെ നാഥനോടു നിങ്ങൾ പാപമോചനത്തിന് അർഥിക്കുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക.) ഓർമിക്കുവിൻ!രണ്ടു കാര്യങ്ങൾ ഈ ഉമ്മത്തിന് നല്കപ്പെട്ടിരിക്കുന്നു. ഒന്ന് ശക്തി കരസ്ഥമാക്കുന്നതിനുവേണ്ടി. രണ്ട് കരസ്ഥമാക്കിയ ശക്തി കർമപരമായ നിലയിൽ കാണിക്കുന്നതിനുവേണ്ടി. ശക്തി കരസ്ഥമാക്കുന്നതിനാണ് ഇസ്തിഗ്ഫാർ അഥവാ പാപപൊറുതിതേടൽ. അതിനെ മറ്റുവാക്കുകളിൽ ഇസ്തിംദാദ് എന്നും ഇസ്തിആനത്ത് എന്നും പറയുന്നു.' അല്ലാഹുവിൽനിന്ന് സഹായം തേടൽ. 'സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു: എപ്രകാരം വ്യായാമം ചെയ്യുന്നതുകൊണ്ട് ഉദാഹരണത്തിന് ഘനമുള്ള വസ്തുക്കൾ പൊക്കുകയും താക്കുകയും തിരിക്കുകയും ചെയ്യുന്നതിലൂടെ ശാരീരികമായ കഴിവും ശക്തിയും വർധിക്കുന്നുവോ, വെയ്റ്റ്ലിഫ്റ്റിംഗ് ചെയ്യുന്നവർ, വെയ്റ്റ് ഉയർത്തുന്നവർ, വിവിധ രീതിയിലുള്ള വ്യായാമം ചെയ്യുന്നവർ അതു ചെയ്യുന്നതുകൊണ്ട് എപ്രകാരം ശാരീരികശക്തി വർധിക്കുന്നുവോ 'അതേ രീതിയിൽ ആത്മീയമായ വ്യായാമത്തിനുള്ള ദണ്ഡാണ് ഇസ്തിഗ്ഫാർ. അതിനോടൊപ്പം ആത്മാവിന് ഒരു ശക്തി ലഭിക്കുകയും മനസ്സിന് സ്ഥൈര്യമുണ്ടാകുകയും ചെയ്യുന്നു. ആർക്കാണോ ശക്തി ആവശ്യമുള്ളത് അവർ ഇസ്തിഗ്ഫാർ ചെയ്തുകൊള്ളട്ടെ.'

ശക്തി കരസ്ഥമാക്കണമെങ്കിൽ ഇസ്തിഗ്ഫാർ ചെയ്യുക. 'ഗഫ്ർ'പൊതിഞ്ഞുവെക്കുന്നതിനും മറച്ചുവെക്കുന്നതിനുമാണ് പറയുന്നത്. ഇസ്തിഗ്ഫാർ കൊണ്ട് മനുഷ്യൻ അല്ലാഹുവിൽനിന്ന് തന്നെ തടയുന്ന വികാരങ്ങളേയും ചിന്താഗതികളേയും പൊതിഞ്ഞുവെക്കാനും മറച്ചുവെക്കാനും ശ്രമിക്കുന്നു. അതുകൊണ്ട് ഇസ്തിഗ്ഫാറിന്റെ അർഥം മനുഷ്യനെ ആക്രമിച്ച് നശിപ്പിക്കുന്ന വിഷലിപ്തമായ ദോഷബീജങ്ങളുടെമേൽ വിജയം വരിക്കുക എന്നതാണ്. അല്ലാഹുവിന്റെ കൽപനകൾ അനുഷ്ഠിക്കുന്നതിന്റെ വഴിയിൽ വരുന്ന തടസങ്ങളിൽനിന്ന് രക്ഷപ്പെട്ട് അവയെ കർമപരമായ രീതിയിൽ കാണിക്കുക. അല്ലാഹു മനുഷ്യനിൽ രണ്ടുതരത്തിലുള്ള ധാതുക്കൾ വെച്ചിട്ടുണ്ടെന്ന കാര്യവും ഓർമവെക്കേണ്ടതുണ്ട്. ഒന്ന് 'സമ്മി മാദ.'അതായത് വിഷമുള്ള ധാതു. 'അതിനു വേണ്ടി നിയോഗിക്കപ്പെട്ടവൻ ശയ്ത്വാനാണ്. രണ്ടാമത്തേത് വിഷദോഷഹരം. അതായത് വിഷത്തിന്റെ ദോഷങ്ങളെ നശിപ്പിക്കുന്ന ഔഷധം. മനുഷ്യൻ അഹങ്കരിക്കുകയും താനെന്തൊക്കെയോ ആണെന്ന് കരുതുകയും ചെയ്യുമ്പോൾ വിഷദോഷകരമായ ഉറവിൽനിന്ന് സഹായമെടുക്കുന്നില്ലെങ്കിൽ വിഷമുള്ള ധാതു വിജയംവരിക്കുന്നു.'പക്ഷേ, തന്നെ സ്വയംനിസ്സാരനും എളിയവനുമായി മനസ്സിലാക്കുകയും തനിക്ക് അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ടെന്ന് തോന്നുകയും ചെയ്യുന്ന നേരത്ത് അല്ലാഹുവിൽനിന്ന് ഒരു ഉറവുണ്ടാകുന്നു. അതുമുഖേന അവന്റെ റൂഹ് അഥവാ ആത്മാവ് അലിഞ്ഞൊഴുകി പുറപ്പെടുന്നു. ഇതാണ് ഇസ്തിഗ്ഫാറിന്റെ അർഥം. അതായത് ആ ശക്തിയെ പ്രാപിച്ച് വിഷകരമായ ധാതുവിനുമേൽ വിജയം നേടുക.' യഥാർഥമായ ഇസ്തിഗ്ഫാർ ഇതാണ്.'ചുരുക്കത്തിൽ ഇതിന്റെ അർഥം ആരാധനയിൽ ഇങ്ങനെ നിലകൊള്ളുക എന്നാണ്. ഒന്നാമതായി നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുക. രണ്ടാമത്തേത് എപ്പോഴും അല്ലാഹുവിൽനിന്ന് സഹായം തേടുക. അതേ!ആദ്യം നിങ്ങളുടെ റബ്ബിൽനിന്ന് സഹായം തേടുക. ശക്തി കിട്ടിക്കഴിഞ്ഞാൽ തൂബൂഇലയ്ഹി അവനിലേക്ക് പശ്ചാത്തപിച്ചു മടങ്ങുക(11:4)(മൽഫൂദാത്ത് വാള്യം 2, പേജ് 67–68, 1984 പതിപ്പ്)അല്ലാഹുവിനോടു സഹായം തേടുന്നതിനും അവനോടു ദുആ ഇരക്കേണ്ടിവരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: മനുഷ്യൻ അവന്റെ പ്രകൃതത്തിൽ വളരെ ദുർബലനാണെന്നും അല്ലാഹുവിന്റെ നൂറുക്കണക്കിന് കൽപനകളുടെ ഭാരം അവനുമേൽ ചുമത്തപ്പെട്ടിട്ടുണ്ടെ ന്നുള്ളതും വ്യക്തമാണ്. അതിനാൽ, അവന്റെ ദൗർബല്യം കാരണം ചില കൽപ്പനകൾ അവന് ചെയ്യാൻ കഴിയാതെ വരുന്നു. സ്വാഭാവികമായും ഇത്രയധികം കൽപ്പനകൾ പാലിക്കുക എന്നത് അസാധ്യമായിരിക്കും. ചിലപ്പോൾ നഫ്സെ അമ്മാറയുടെ അതായത് ദോഷപ്രവണമായ ആത്മാവിന്റെ ചില ആഗ്രഹങ്ങൾ അവനെ കീഴടക്കുകയും ചെയ്യുന്നതാണ്. അതിനാൽ, അവന്റെ ദുർബലമായ പ്രകൃതി കാരണത്താൽ ഏതെങ്കിലും പാകപ്പിഴകളുടെ നേരത്ത് അവൻ തൗബയും ഇസ്തിഗ്ഫാറും ചെയ്യുകയാണെങ്കിൽ നശിക്കുന്നതിൽനിന്ന് അവനെ രക്ഷിക്കാൻ ദൈവകാരുണ്യത്തിന് അവകാശമുണ്ട്. യഥാർഥമായ തൗബ ഉണ്ടാകണം, മനുഷ്യന്റെ പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുള്ള ഈ ബലഹീനത കാരണത്താൽ അല്ലാഹു വീണ്ടും അവന്റെ യഥാർഥ തൗബ സ്വീകരിക്കുകയും അവനെ രക്ഷിക്കുകയും ചെയ്യണമെന്നത് അവന്റെ അവകാശമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹു തൗബ സ്വീകരിക്കുന്നവനല്ലായിരുന്നുവെങ്കിൽ നൂറുക്കണക്കിന് കല്പനകളുടെ ഭാരം അവന്റെമേൽ ഒരിക്കലും ഇടുമായിരുന്നില്ല എന്നത് വസ്തുതാപരമായ കാര്യമാണ്. ഇതിൽനിന്ന് അല്ലാഹു തൗബ സ്വീകരിക്കുന്നവനും പൊറുത്തുകൊടുക്കുന്നവനുമാണെന്ന് നിസ്സംശയം തെളിയുന്നു. തൗബ എന്നതിന്റെ അർഥം താൻ ഉപേക്ഷിച്ച ഒരു തിന്മ മനുഷ്യൻ, തന്നെ തീയിൽ എറിഞ്ഞാൽപോലും ഒരിക്കലും ചെയ്യില്ലെന്ന വാഗ്ദാനത്തോടെ ഉപേക്ഷിക്കുമെന്നാണ്. അതിനാൽ ഇങ്ങനെയുള്ള തൗബയായിരിക്കണമെന്നതാണ് നിബന്ധന. അതുകൊണ്ട് ഒരു മനുഷ്യൻ ഈ ആത്മാർഥതയോടും നിശ്ചയദാർഢ്യത്തോടുംകൂടി സർവ്വശക്തനായ ദൈവ

ത്തിലേക്ക് തിരിയുമ്പോൾ, ദയാലുവും കാരുണ്യവാനുമായ അല്ലാഹു ഈ പാപത്തിന്റെ ശിക്ഷ അവന് പൊറുത്തുകൊടുക്കുന്നു. തൗബ സ്വീകരിച്ചുകൊണ്ട് നാശത്തിൽനിന്ന് അവനെ രക്ഷിക്കുന്നുവെന്നത് ദൈവത്തിന്റെ ഏറ്റവും ഉയർന്ന സവിശേഷഗുണങ്ങളിലൊന്നാണ്. മനുഷ്യന് തൗബ സ്വീകരിക്കുമെന്ന് പ്രതീക്ഷയില്ലെങ്കിൽ പിന്നീടവൻ പാപത്തിൽനിന്ന് പിന്തിരിയുകയില്ല.

തൗബ സ്വീകരിക്കുമെന്ന പ്രതീക്ഷതന്നെ ഇല്ലെങ്കിൽ പിന്നീടവൻ പാപം ചെയ്തുകൊണ്ടേപോകും. പര്യവസാനംതന്നെ അങ്ങനെയാകുന്നുവെങ്കിൽ പിന്നീടെന്തു ഫലമാണുള്ളതെന്ന് ഒരുപാടാളുകൾ ചോദിക്കാറുണ്ട്. അങ്ങനെയല്ല. പര്യവസാനത്തിനുമുമ്പേ തൗബ ചെയ്യുകയാണെങ്കിൽ അല്ലാഹു രക്ഷിക്കുന്നതാണ്. അവിടന്ന് പറഞ്ഞു: ക്രൈസ്തവ മതവും തൗബ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നവരാണ്. അതിന് ക്രിസ്ത്യാനിയായിരിക്കണമെന്ന് നിബന്ധനയുണ്ട്. പക്ഷേ, ഇസ്‌ലാമിൽ തൗബയ്ക്കഏതെങ്കിലും മതത്തിന്റെ ആവശ്യമില്ല. എല്ലാ ഓരോ മതത്തിന്റേയും നിയന്ത്രണത്തോടുകൂടി തൗബ സ്വീകരിക്കപ്പെടുന്നതായിരിക്കും. അല്ലാഹുവിന്റെ ഗ്രന്ഥത്തേയും അല്ലാഹുവിന്റെ റസൂലിനേയും നിഷേധിക്കുന്നവരുടെ പാപം മാത്രമാണ് ബാക്കിയാകുന്നത്. മനുഷ്യൻ കേവലം സ്വന്തം കർമംകൊണ്ട് മോക്ഷം പ്രാപിക്കുമെന്നത് തികച്ചും അസംഭവ്യമാണ്. പ്രത്യുത ആരുടെ തൗബ സ്വീകരിക്കുന്നതും പാപം ചെയ്യുന്നതിൽനിന്ന് സുരക്ഷിതനായിരിക്കുന്നതിനുള്ള ശക്തി നല്കുന്നതും അല്ലാഹുവിന്റെ ഔദാര്യമാണ്, (ചശ്മയെ മഅ്‌രിഫത്ത്, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 189-190)

ഒരു വ്യക്തി ആ മഹാത്മാവിന്റെ മജ്‌ലിസിൽ ഹാജരായി. താനെന്തു ജപമാണ് ചെയ്യേണ്ടതെന്ന് ചോദിച്ചു.

അവിടന്ന് പറഞ്ഞു:ഒരുപാട് ഇസ്തിഗ്ഫാർ ചെയ്യുക. മനുഷ്യന് രണ്ടേരണ്ട് അവസ്ഥയാണുള്ളത്. ഒന്നുകിൽ അവൻ പാപം ചെയ്യാതിരിക്കുക. അല്ലെങ്കിൽ അല്ലാഹു ആ പാപത്തിന്റെ ദുർപര്യവസാനത്തിൽനിന്ന് രക്ഷിക്കുക. അതിനാൽ ഇസ്തിഗ്ഫാർ ചെയ്യുന്ന നേരത്ത് ഈ രണ്ടർത്ഥവും പരിഗണിക്കേണ്ടതാണ്. അതായത് അയാൾ പാപം ചെയ്യരുത്. പാപത്തിന്റെ ദുർപര്യവസാനം പ്രകടമാകുകയുമരുത്. അല്ലാഹു അവന് പൊറുത്തുകൊടുക്കുകയും അവൻ വീണ്ടും പാപം ചെയ്യാതിരിക്കുകയും വേണം.ഇത് മുമ്പിൽവച്ചുകൊണ്ട് ഇസ്തിഗ്ഫാർ ചൊല്ലേണ്ടതാണ്. ഒന്ന്, അതായത് ചെയ്തുപോയ പാപങ്ങൾ മറച്ചുവെക്കുന്നതിനും രണ്ട്, ഭാവിയിൽ പാപത്തിൽനിന്ന് സുരക്ഷിതനായിരിക്കുന്നതിനും അല്ലാഹുവിനോടു തൗഫീഖ് തേടുക. എന്നാൽ, ഇസ്തിഗ്ഫാർ വെറും നാവുകൊണ്ട് പൂർത്തിയാകുകയില്ല. പ്രത്യുത മനസ്സുകൊണ്ടാകണം. നമസ്കാരത്തിൽ മാതൃഭാഷയിലും ദുആ ഇരക്കുക. ഇതു നിർബന്ധമാണ്. (മൽഫൂദാത്ത് വാല്യം 2, പേജ് 320, 1984 പതിപ്പ്)

വായകൊണ്ട് ഇസ്തിഗ്ഫാർ ചൊല്ലിവിടുകയെന്നത് അല്ലെങ്കിൽ എഴുതുകയെന്നത് അതായത് അസ്തഗ്ഫിറുല്ലാഹ് അസ്തഗ്ഫിറുല്ലാഹ് എന്ന് ചൊല്ലുകയും എഴുതുകയും ചെയ്യുക എന്നത്! അല്ലെങ്കിൽ അസ്തഗ്ഫിറുല്ലാഹ റബ്ബീ എന്ന് പറയുന്നത്! അല്ലെങ്കിൽ വരുംകാലങ്ങളിൽ തെറ്റുകൾ ഉണ്ടാകുകയില്ലെന്ന് പറയുക! ചെയ്തുപോയ പാപങ്ങളിലേക്ക് വീണ്ടും പോകുകയില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കാത്തിടത്തോളം അതുകൊണ്ട് ഒരു ഫലവുമില്ല.

ഇസ്തിഗ്ഫാറിന്റെ അർഥം ബാഹ്യമായി ഒരു പാപവും പ്രകടമാകരുതെന്നാണ്. പാപങ്ങൾ ചെയ്യാനുള്ള ശക്തി പ്രത്യക്ഷപ്പെടാതിരിക്കുക. നബിമാരുടെ ഇസ്തിഗ്ഫാറിന്റേയും യാഥാർഥ്യം ഇതുതന്നെയാണ്. അതായത് അവർ പാപമുക്തരാണ്. എന്നാൽ, അവർ ഇസ്തിഗ്ഫാർ ചെയ്യുന്നത് ഭാവിയിൽ ആ ശക്തി പ്രകടമാകരുതെന്ന നിലയിലാണ്.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇസ്തിഗ്ഫാറിന്റെ രണ്ടാമത്തെ അർഥമായിരിക്കും എടുക്കപ്പെടുന്നത്. അതായത് ചെയ്തുപോയ കുറ്റകൃത്യങ്ങളുടേയും പാപങ്ങളുടേയും ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു രക്ഷിച്ചുവെക്കുമാറാകട്ടെ. ആ പാപങ്ങൾ മാപ്പാക്കിത്തരിക. അതിനോടൊപ്പം ഭാവിയിലെ പാപങ്ങളിൽനിന്ന് സുരക്ഷിതമാക്കിവെക്കുക. അവിടന്ന് പറഞ്ഞു: എന്തായാലും ഇതു മനുഷ്യനു നിർബന്ധമായ കാര്യമാണ്. അവനെപ്പോഴും ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ടേയിരിക്കണം. അവിടന്ന് പറഞ്ഞു: വരൾച്ചയുടെ രൂപത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലോ ഇറങ്ങുന്ന ബലാകളുടെ ഉദ്ദേശ്യം ആളുകൾ എപ്പോഴും ഇസ്തിഗ്ഫാർ ചൊല്ലുന്നതിൽ മുഴുകിയിരിക്കണമെന്നതാണ്.

ഇപ്പോൾ ലോകത്ത് യുദ്ധപരമായ അവസ്ഥകളാണുള്ളത്. ഈ അവസ്ഥകളിലും ലോകത്തെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി, തങ്ങളെത്തന്നെ സുരക്ഷിതമാക്കി വെക്കുന്നതിനുവേണ്ടി അഹ്മദികളായ നമ്മളും ധാരാളമായി ഇസ്തിഗ്ഫാർ ചൊല്ലേണ്ടതാണ്. അവിടന്ന് പറഞ്ഞു: ഇസ്തിഗ്ഫാർ എന്നതിന്റെ അർഥം അസ്തഗ്ഫിറുല്ലാഹ് അസ്തഗ്ഫിറുല്ലാഹ് എന്ന് പറഞ്ഞുകൊണ്ടിരിക്കലല്ല. വാസ്തവത്തിൽ അന്യനാട്ടിലെ ഭാഷയായ കാരണത്താൽ ജനങ്ങളിൽനിന്ന് യാഥാർഥ്യം മറഞ്ഞിരുന്നു. അറേബ്യക്കാർ ഇക്കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. എന്നാൽ, നമ്മുടെ നാട്ടിൽ അത് അന്യഭാഷയായ കാരണത്താൽ ധാരാളം യാഥാർഥ്യങ്ങൾ മറഞ്ഞിരുന്നുപോയി. നിരവധി ആളുകളുണ്ട്. അവർ പറയുന്നു: ഞങ്ങൾ ഇത്ര പ്രാവശ്യം ഇസ്തിഗ്ഫാർ ചൊല്ലി. നൂറു തസ്ബീഹ് ചൊല്ലി. ആയിരം തസ്ബീഹ് ചൊല്ലി. എന്നാൽ, ഇസ്തിഗ്ഫാറിന്റെ പൊരുളും അർഥവും ചോദിച്ചാൽ കൈമലർത്തും. ബക്കാബക്കാ ആയിരിക്കും. മനുഷ്യൻ ചെയ്യേണ്ടത് യഥാർഥമായ നിലയിൽ മനസ്സിൽ അർഥമറിഞ്ഞ് ചോദിച്ചുകൊണ്ടിരിക്കുക എന്നതാണ്. എന്നിൽനിന്നുണ്ടായ പാപങ്ങളും കുറ്റകൃത്യങ്ങളും അതിന് ശിക്ഷ അനുഭവിക്കേണ്ടിവരരുതേ! ഭാവിയിൽ സൽകർമം ചെയ്യാൻ തൗഫീഖ് കിട്ടുന്നതിനും പാപങ്ങളിൽനിന്ന് രക്ഷിക്കുന്നതിനും എപ്പോഴും മനസ്സിൽത്തന്നെ അല്ലാഹുവിനോടു സഹായം തേടിക്കൊണ്ടിരിക്കുക. ഇതാണ് യഥാർഥ ഇസ്തിഗ്ഫാർ! അല്ലാതെ മനസ്സറിയാതെ അസ്തഗ്ഫിറുല്ലാഹ് അസ്തഗ്ഫിറുല്ലാഹ് എന്നു പറഞ്ഞ് ചുറ്റിക്കറങ്ങി നടക്കേണ്ട ആവശ്യമില്ല. ഓർമിക്കുവിൻ അല്ലാഹുവിനോളമെത്തുന്ന കാര്യമെന്നു പറയുന്നത് ഹൃദയത്തിൽനിന്ന് പുറപ്പെടുന്നതാണ്. സ്വന്തം ഭാഷയിൽ അല്ലാഹുവിനോടു ദുആ ചെയ്യേണ്ടതാണ്. ഇതുമുഖേന മനസ്സിലും സ്വാധീനമുണ്ടാകുന്നു. നാവ് എന്നു പറയുന്നത് മനസ്സിന്റെ സാക്ഷ്യം പറയാനുള്ളതാണ്. മനസ്സിൽ ആവേശമുണ്ടാകുകയും നാവ് അതിനോടൊപ്പം ചേരുകയും ചെയ്താൽ നല്ല കാര്യമാണ്. മനസ്സു ചേരാതെ വെറും നാവുകൊണ്ട് ദുആ ചെയ്യുന്നത് പാഴാണ്. നിരർഥമാണ്. മനസ്സിൽനിന്ന് പുറപ്പെടുന്ന ദുആയാണ് യഥാർഥ ദുആ. നാശം വരുന്നതിനുമുമ്പേ മനുഷ്യൻ സ്വയമേവ മനസ്സുകൊണ്ട് അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ പിന്നീട് കരുണാനിധിയും ഉദാരനുമായ അല്ലാഹു ആ ബലാ നീക്കിത്തരുന്നു. പക്ഷേ, നാശം ഇറങ്ങിക്കഴിഞ്ഞാൽ അതു നീങ്ങിപ്പോകുകയില്ല.

ബലാ ഇറങ്ങുന്നതിനുമുമ്പേ ദുആകൾ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഇപ്രകാരം അല്ലാഹു ബലായുടെ നേരത്ത് സുരക്ഷിതമാക്കി വെക്കുന്നതാണ്. നമ്മുടെ ജമാഅത്തു ചെയ്യേണ്ടത് വ്യതിരിക്തമായ എന്തെങ്കിലും കാര്യം കാണിക്കുക. ആരെങ്കിലും ബയ്അത്തു ചെയ്ത് പോകുകയും വ്യതിരിക്തമായി ഒന്നും കാണിക്കാതിരിക്കുകയുമാണെങ്കിൽ, തന്റെ ഭാര്യയോടു ആദ്യമുണ്ടായിരുന്നതുപോലെത്തന്നെ വീണ്ടും പെരുമാറുകയുമാണെങ്കിൽ തന്റെ കുടുംബത്തോടും കുട്ടികളോടും അതേരീതിയിൽത്തന്നെ പെരുമാറുകയാണെങ്കിൽ അത് നല്ല കാര്യമല്ല. ബയ്അത്തിനുശേഷവും അതേ ദുസ്സ്വഭാവവും ദുഷ്പെരുമാറ്റവും നിലനില്ക്കുകയാണെങ്കിൽ, ആദ്യമുണ്ടായിരുന്ന അവസ്ഥതന്നെ തുടരുകയാണെങ്കിൽ എന്തു നേട്ടമാണുള്ളത്? ബയ്അത്തിനുശേഷം അന്യർക്കും തങ്ങളുടെ ബന്ധുമിത്രാദികൾക്കും അയൽവാസികൾക്കും ഇപ്പോൾ അയാൾ ആകെ മാറിപ്പോയിരിക്കുന്നുവെന്ന് പറയാൻ കഴിയുംവിധം മാതൃക കാണിക്കേണ്ടതാണ്. യഥാർഥ ഇസ്തിഗ്ഫാറിന്റെ ഫലമുണ്ടാകേണ്ടത് ഇങ്ങനെയാണ്.

നല്ലവണ്ണം ഓർമിച്ചുകൊള്ളുവിൻ! നല്ലവനായിക്കൊണ്ടു കർമം ചെയ്യുകയാണെങ്കിൽ മറ്റുള്ളവരുടെമേൽ തീർച്ചയായും നിങ്ങളുടെ റുഅ്ബ് അഥവാ ആദരയുക്തമായ ഭയം പതിയുന്നതാണ്. നബി(സ)തിരുമേനിയുടെ ആദരയുക്തമായ ഭയം മറ്റുള്ളവരുടെമേൽ പതിഞ്ഞത് എത്ര ശക്തമായിട്ടായിരുന്നു. ഒരിക്കൽ അവിശ്വാസികൾക്ക് നബി(സ)തിരുമേനി അവർക്കെതിരെ ശാപപ്രാർഥന ചെയ്യുമോ എന്ന സംശയമുണ്ടായി. അപ്പോൾ അവിശ്വാസികളെല്ലാവരും സംഘടിച്ചുവന്നു പറഞ്ഞു:ഹുദൂർ! ഞങ്ങൾക്കെതിരെ ശാപപ്രാർഥന ചെയ്യരുതേ!സത്യവാനായ മനുഷ്യന് തീർച്ചയായും റുഅ്ബുണ്ടാകുന്നു. തികച്ചും ശുദ്ധനായിക്കൊണ്ട് കർമം ചെയ്യുകയും അത് അല്ലാഹുവിനുവേണ്ടി ആയിരിക്കുകയും വേണം. അപ്പോൾ തീർച്ചയായും മറ്റുള്ളവരിലും നിങ്ങളുടെ സ്വാധീനശക്തിയും ആദരയുക്തമായ ഭയവും പതിയുന്നതാണ്.(മൽഫൂദാത്ത് വാല്യം 1, പേജ്372-374, 1984 പതിപ്പ്)

ഒരു അവസരത്തിൽ പറഞ്ഞു:അല്ലാഹുവിനെ ഭയപ്പെടുകയും മുത്തഖിയാകുകയും ചെയ്യുക

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

എന്നത് വലിയ കാര്യമാണ്. അല്ലാഹു അവൻ മുഖേന ആയിരക്കണക്കിന് വിപത്തുകളിൽനിന്ന് രക്ഷിക്കുന്നു. അല്ലാഹുവിന്റെ സംരക്ഷണം അവന്റെ കൂടെ ഉണ്ടാകുവോളം. തന്നെ നാശം ബാധിക്കുകയില്ലെന്ന് ആർക്കും പറയാനൊക്കുകയില്ല. ആരും സമാധാനമായി ഇരിക്കുകയുമരുത്. വിപത്തുകൾ വിചാരിക്കാത്ത നേരത്താണ് വരുന്നത്. രാത്രിയിലെന്താണുണ്ടാകാൻ പോകുന്നതെന്ന് ആർക്കറിയാം. എഴുതിയിരിക്കുന്നു: ഒരിക്കൽ നബി(സ)തിരുമേനി എഴുന്നേറ്റുനിന്നു. ആദ്യം കുറെ കരഞ്ഞു. പിന്നീട് ജനങ്ങളോടു പറഞ്ഞു:യാ ഇബാദല്ലാഹ്!അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവിന്റെ ദാസരേ! അല്ലാഹുവിനെ ഭയപ്പെടുക. വിപത്തുകളും നാശങ്ങളും ഉറുമ്പുകളെപ്പോലെ മനുഷ്യനോടൊപ്പം കൂടിയിരിക്കുയാണ്. സത്യ ഹൃദയത്തോടെ തൗബ-ഇസ്തിഗ്ഫാറിൽ മുഴുകിയിരിക്കുയല്ലാതെ അവയിൽനിന്ന് രക്ഷപ്പെടാൻ ഒരു വഴിയുമില്ല.

വീണ്ടും പറഞ്ഞു:ഇസ്തിഗ്ഫാറിന്റെ അർഥമിതാണ്. അവിടന്ന് കൂടുതൽ വിശദീകരിക്കുകയാണ്.........താൻ ചെയ്ത കുറ്റകൃത്യങ്ങളുടേയും പാപങ്ങളുടേയും ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിൽനിന്ന് സംരക്ഷണമുണ്ടാകണമെന്ന് ആഗ്രഹിക്കുകയും ഭാവിയിൽ പാപം ഉണ്ടാകാതിരിക്കാൻ അല്ലാഹുവിനോടു സംരക്ഷണം ചോദിക്കുകയും ചെയ്യുക. ഇസ്തിഗ്ഫാർ നബിമാരും ചെയ്യാറുണ്ടായിരുന്നു;സാധാരണക്കാരും! അജ്ഞരായ ചില പാതിരിമാർ നബി(സ)തിരുമേനി ചെയ്യാറുണ്ടായിരുന്ന ഇസ്തിഗ്ഫാറിനുമേൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.

ഇതിന് അദ്ദേഹം മറുപടി നല്കുകയാണ്. പറയുന്നു: അതേ!നബി(സ)തിരുമേനി ഇസ്തിഗ്ഫാർ ചെയ്യാറുണ്ടായിരുന്നു. ഇതിന്റെ അർഥം അദ്ദേഹം പാപിയായിരുന്നുവെന്നാണ് എതിരാളി പറയുന്നത്! നഊദുബില്ലാഹ്! അദ്ദേഹം പറഞ്ഞു, അദ്ദേഹം ഇസ്തിഗ്ഫാർ ചെയ്തതുകൊണ്ട് നഊദുബില്ലാഹ് പാപിയാണെന്ന് സ്ഥാപിതമാകുന്നുണ്ടെന്ന് എഴുതിയിരിക്കുന്നു. ഇസ്തിഗ്ഫാർ എന്നത് ഉന്നതമായൊരു സവിശേഷഗുണമാണെന്ന് അജ്ഞരായ ഇവർ മനസ്സിലാക്കുന്നില്ല. മനുഷ്യൻ പ്രകൃത്യാതന്നെ അങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ബലഹീനതയും ദുർബലതയും അവന്റെ പ്രകൃതിപരമായ തേട്ടമാണ്. ഈ പ്രകൃതിപരമായ ബലഹീനതയും മാനുഷികമായ ദുർബലതയും നല്ലവണ്ണം അറിയുന്നവരാണ് നബിമാർ. അതുകൊണ്ടുതന്നെ അവർ ദുആ ചെയ്യുന്നു.യാ ഇലാഹീ! മാനുഷികമായ ആ ദൗർബല്യങ്ങൾ പ്രകടമാകാതിരിക്കാൻ ഞങ്ങളെ കാത്തുകൊള്ളേണമേ. ഗഫ്ർ എന്നു പറയുന്നത്, മൂടുന്നതിനാണ്. യഥാർഥ കാര്യവും ഇതുതന്നെയാണ്. ഏതൊരു ശക്തിയാണോ ദൈവത്തിനുള്ളത് അതൊരു നബിക്കുമില്ല, വലിയ്യിനുമില്ല, റസൂലിനുമില്ല. താൻ തന്റെ സ്വന്തം ശക്തികൊണ്ട് പാപത്തിൽനിന്ന് രക്ഷപ്പെടുമെന്ന് ആർക്കും വാദിക്കാനും കഴിയുകയില്ല. അതിനാൽ അല്ലാഹുവിന്റെ സംരക്ഷണത്തിന് നബിമാരും ആശ്രിതരാണ്. ദാസത്വം പ്രകടിപ്പിക്കുന്നതിന് നബി(സ)തിരുമേനിയും മറ്റു നബിമാരെപ്പോലെ അല്ലാഹുവിൽനിന്ന് സംരക്ഷണം തേടാറുണ്ടായിരുന്നു.

ഇക്കൂട്ടരുടെ ഇത്തരം ചിന്താഗതി തെറ്റാണ്. ക്രൈസ്തവർ പറയുന്നു:ഈസാ(അ)ഇസ്തിഗ്ഫാർ ചെയ്യാറില്ലായിരുന്നുവെന്ന്! അവിടന്ന് പറയുന്നു: ഈസാ(അ) ഇസ്തിഗ്ഫാർ ചെയ്തിട്ടില്ലെന്നുള്ള അവരുടെ വാദം തികച്ചും തെറ്റാണ്. അതവരുടെ വിഡ്ഢിത്തവും വിവരക്കേടുമാണ്. ഈസായുടെമേൽ അപരാധം പറയുകയാണ്. ബൈബിളിൽ ചിന്തിക്കുമ്പോൾ സുവ്യക്തമായ നിലയിൽ മനസ്സിലാകുന്നത് നിരവധിതവണ തന്റെ ദൗർബല്യങ്ങൾ അദ്ദേഹം സമ്മതിച്ചിട്ടുണ്ടെന്നാണ്. അതായത് ഇസ്തിഗ്ഫാർ ചെയ്തു! ഏലി ഏലി ലമാ സബഖ്ത്താനീ അതായത് എൻ ദൈവമേ എൻ ദൈവമേ നീ എന്നെ കൈവിട്ടതെന്തേ എന്ന് ഹദ്റത്ത് ഈസാ ദൈവത്തോടു ചോദിച്ചു. ഇതിന്റെ അർഥമെന്താണ്? എന്റെ പിതാവേ! എന്റെ പിതാവേ! എന്ന് എന്തിനാണ് അദ്ദേഹം വിളിച്ചത്? എബ്രായ ഭാഷയിൽ 'ഏൽ'ദൈവത്തിനാണ് പറയുന്നത്. അതിന്റെ അർഥം കരുണ ചെയ്താലും, കൃപചൊരിഞ്ഞാലും എന്നെ തനിച്ചു വിട്ടുകളയാതിരുന്നാലും എന്നൊക്കെയാണ്. (അതായത് എന്നെ സംരക്ഷിച്ചാലുമെന്നുതന്നെ). വാസ്തവത്തിൽ ദുഷ്കരമായിട്ടുള്ളതിതാണ്. അദ്ദേഹം പറയുന്നു: യഥാർഥത്തിൽ ദുഷ്കരമായിട്ടുള്ളതിതാണ്. ഇന്ത്യയിൽ വിവിധഭാഷകളുള്ള കാരണത്താൽ ഇസ്തിഗ്ഫാറിന്റെ യഥാർഥ ഉദ്ദേശ്യംതന്നെ ഇല്ലാതായിപ്പോയി. ആ പ്രാർഥനകളെ ഒരു മന്ത്രമെന്നപോലെ മനസ്സിലാക്കി. എന്ത് നമസ്കാരം? എന്ത് ഇസ്തിഗ്ഫാർ? എന്ത് തൗബ? ആരെയെങ്കിലും ഇസ്തിഗ്ഫാർ ചൊല്ലാൻ ഉപദേശിക്കുകയാണെങ്കിൽ അവൻ നല്കുന്ന മറുപടി താൻ ഇസ്തിഗ്ഫാർ 100 തവണ ചൊല്ലുന്നു, 200 തവണ തസ്ബീഹ് ചൊല്ലുന്നുവെന്നാണ്. എന്നാൽ, എന്താണ് അതുകൊണ്ടുദ്ദേശിക്കുന്നതെന്ന് ചോദിച്ചാൽ ഒന്നും അറിയുകയുമില്ല.

ഇസ്തിഗ്ഫാർ ഒരു അറബി പദമാണ്. പാപപ്പൊറുതി തേടുക എന്നാണ് അതിന്റെ അർഥം. യാ ഇലാഹീ!മുമ്പേ ഞങ്ങളിൽനിന്നുണ്ടായിട്ടുള്ള പാപങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിച്ചാലും. കാരണം പാപം ഒരു വിഷമാണ്. അതിന്റെ സ്വാധീനവും തീർച്ചയായുമുണ്ട്. പാപം ഞങ്ങളിലൊരിക്കലുമുണ്ടാകാതിരിക്കാൻ ഭാവിയിൽ ഞങ്ങളെ കാത്തുസംരക്ഷിച്ചാലും.

വെറും ആവർത്തിച്ച് ഉരുവിടുന്നതുകൊണ്ട് കാര്യം സാധ്യമാകുകയില്ല. അവിടന്ന് പറഞ്ഞു:തൗബയുടെ അർഥം ലജ്ജയോടും ഖേദത്തോടും കൂടി ദുഷ്കർമത്തിൽനിന്ന് മടങ്ങുക എന്നാണ്. തൗബ ചെയ്യുക എന്നത് ചീത്തക്കാര്യമൊന്നുമല്ല. എന്നല്ല തൗബ ചെയ്തു മടങ്ങുന്നവൻ അല്ലാഹുവിന് ഏറെ പ്രിയപ്പെട്ടവനായിത്തീരുന്നുവെന്ന് എഴുതിയിരിക്കുന്നു. അല്ലാഹുവിന്റെ പേരും തവ്വാബ് എന്നാണ്. അതിന്റെ ഉദ്ദേശ്യം മനുഷ്യൻ തന്റെ പാപങ്ങളിൽനിന്നും ദുഷ്കർമങ്ങളിൽനിന്നും ലജ്ജിച്ച് ഖേദിച്ചുമടങ്ങുമ്പോൾ, ഇനിയങ്ങോട്ടു ആ ദുഷ്കർമങ്ങളിൽനിന്നെല്ലാം വിട്ടുനില്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുമ്പോൾ അല്ലാഹുവും അവനിലേക്ക് കരുണയോടെ മടങ്ങുന്നു. അല്ലാഹു മനുഷ്യന്റെ കരുണയെക്കാളുപരി തവ്വാബാകുന്നു. ഹദീഥിൽ വന്നിരിക്കുന്നു:മനുഷ്യൻ അല്ലാഹുവിനോടു ഒരു ചാൺ അടുക്കുമ്പോൾ അല്ലാഹു അവനോടു ഒരു മുഴം അടുക്കുന്നു. മനുഷ്യൻ അവന്റെ അടുത്തു നടന്നു വരുമ്പോൾ അവൻ അവന്റെ അടുത്ത് ഓടി വരുന്നു. അതായത് മനുഷ്യൻ അല്ലാഹുവിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ അല്ലാഹുവും റഹ്മത്ത്, ഫള്ൽ, മഗ്ഫിറത്ത് തുടങ്ങിയവകൊണ്ട് പരമമായ നിലയിൽ അവനിൽ കൃപ ചൊരിയുന്നു. പക്ഷേ, അല്ലാഹുവിനോടു മുഖംതിരിച്ചിരിക്കുകയാണെങ്കിൽ അല്ലാഹു എന്തു വിലവെക്കാനാണ്.(മൽഫൂദാത്ത് വാള്യം 10, പേജ് 336-339, 1984 പതിപ്പ്)

ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് പറയുന്നു: അറിയേണ്ടതുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ തന്റെ രണ്ടുനാമം അവതരിപ്പിച്ചിരിക്കുന്നു;അൽഹയ്യ്, അൽഖയ്യൂം. അൽഹയ്യ് എന്നതിന്റെ അർഥം ജീവിച്ചിരിക്കുന്നവനും മറ്റുള്ളതിന് ജീവിതം നല്കുന്നവനുമെന്നാണ്. അൽഖയ്യൂം എന്നാൽ സ്വയം നിലനിൽക്കുന്നവനും മറ്റുള്ളതിന്റെ നിലനിൽപിന് യഥാർഥ കാരണവുമെന്നാണ്. എല്ലാ ഓരോ വസ്തുവിന്റേയും ബാഹ്യവും ആന്തരികവുമായ നിലനിൽപും ജീവിതവും ഈ രണ്ടു സവിശേഷ ഗുണങ്ങളിലാണ്. അതുകൊണ്ട് ഹയ്യ് എന്ന പദം ആഗ്രഹിക്കുന്നത് അവനെ ആരാധിക്കണമെന്നാണ്. അതിന്റെ ഉദാഹരണം സൂറ ഫാത്തിഹായിലെ ഇയ്യാക്ക നഅ്ബുദു ആണ്. അൽഖയ്യൂം ആഗ്രഹിക്കുന്നത് അവനോടു സഹായം തേടുക എന്നാണ്. അത് ഇയ്യാക്ക നസ്തഈൻ എന്ന പദംകൊണ്ട് നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഹയ്യ് എന്ന പദം ആരാധനയെ ആഗ്രഹിക്കുന്നതിനുള്ള കാരണം അവൻ സൃഷ്ടിക്കുകയും സൃഷ്ടിച്ചതിനുശേഷം വിട്ടുകളയാതിരിക്കുകയും ചെയ്തു. ഉദാഹരണത്തിന് കല്ലാശാരി കെട്ടിടമുണ്ടാക്കി. അയാൾ മരിക്കുന്നതോടെ കെട്ടിടത്തിന് ഒരു കുറവുമുണ്ടാകുന്നില്ല. എന്നാൽ, മനുഷ്യന് ദൈവത്തിന്റെ ആവശ്യം എല്ലാ അവസ്ഥയിലും അവനോടു ചേർന്നിരിക്കുന്നു. അതുകൊണ്ടു ദൈവത്തോടു സഹായം തേടിക്കൊണ്ടിരിക്കേണ്ടത് അനിവാര്യമാണ്. ഇതാണ് ഇസ്തിഗ്ഫാർ. ഇതാണ് ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം. പിന്നീട് ഇതിനെ കൂടുതൽ വിശാലമാക്കിക്കൊണ്ട് പാപം ചെയ്യുന്നവർക്കുവേണ്ടി പറഞ്ഞു:ആരാണോ പാപം ചെയ്യുന്നത് അവയുടെ ദുഷ്ഫലങ്ങളിൽനിന്ന് സുരക്ഷിതമാക്കിവെക്കുക. പാപം ചെയ്തിട്ടില്ലെങ്കിൽത്തന്നെ ജീവിച്ചിരിക്കുന്നതിനും അല്ലാഹുവിന്റെ അഭയത്തിലിരിക്കുന്നതിനും ഇസ്തിഗ്ഫാർ വേണം. പക്ഷേ, അസ്സൽ ഇതുതന്നെയാണ്. അതായത് തന്നെ മാനുഷികമായ ദൗർബല്യങ്ങളിൽനിന്ന് രക്ഷിക്കുക. അതിനാൽ ആരാണോ മനുഷ്യനായിക്കൊണ്ട് ഇസ്തിഗ്ഫാറിന്റെ ആവശ്യം മനസ്സിലാക്കാത്തത് അവൻ മര്യാദകെട്ടവനും നാസ്തികനുമാണ്. (മൽഫൂദാത്ത്, വാള്യം 3, പേജ് 217, 1984 പതിപ്പ്)

പിന്നീടൊരിടത്ത് ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം ഇങ്ങനെ വിവരിച്ചു. പാപം എന്നത് ഒരു കീടമാകുന്നു. അത് മനുഷ്യന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ളതാണ്. എന്നാൽ, അതിന്റെ ചികിത്സ ഇസ്തിഗ്ഫാർ കൊണ്ടേ നടക്കൂ. ഇസ്തിഗ്ഫാർ എന്താണ്? ചെയ്തുപോയ പാപങ്ങളുടെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു സുക്ഷിതമാക്കിവെക്കുകയും മനുഷ്യനിൽ നിലവിലുള്ളതും എന്നാൽ, ഇപ്പോൾ ചെയ്തിട്ടില്ലാത്തതുമായ പാപങ്ങൾ വെളിപ്പെടുന്ന സമയം വരുത്താതിരിക്കുകയും ഉള്ളിൽത്തന്നെ കത്തിയെരിഞ്ഞ് അമർന്നുപോകുകയും ചെയ്യുക.

ആ നേരം വളരെ ഭയപ്പെടേണ്ടതാണ്. അതിനാൽ തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകുക. നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ആ കാലഘട്ടം വളരെ ഭയക്കേണ്ടതാണ്. തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകിയിരിക്കുക. ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുക. എല്ലാ മതത്തിന്റേയും ജാതിയുടേയും ആളുകളും ഗ്രന്ഥാനുസാരികളും സമ്മതിക്കുന്ന കാര്യമാണ് ദാനധർമങ്ങൾകൊണ്ട് ശിക്ഷ മാറിപ്പോകുമെന്നുള്ളത്. അത് ശിക്ഷ ഇറങ്ങുന്നതിന് മുമ്പേയായിരിക്കണം. ശിക്ഷ ഇറങ്ങിക്കഴിഞ്ഞാൽ അത് മാറിപ്പോകുകയില്ല. അതുകൊണ്ട് നിങ്ങളുടെ ഊഴം വരാതിരിക്കാൻ ഇപ്പോൾ മുതൽത്തന്നെ ഇസ്തിഗ്ഫാർ ചെയ്യുക. തൗബയിൽ മുഴുകുക. അല്ലാഹു നിങ്ങളെ കാത്തുസൂക്ഷിക്കുമാറാകട്ടെ.(മൽഫൂദാത്ത് വാള്യം 5 പേജ് 299, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)തൗബയും മഗ്ഫിറത്തും വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: ഓർമിക്കുക. തൗബയേയും മഗ്ഫിറത്തിനേയും നിഷേധിക്കൽ യഥാർഥത്തിൽ മാനുഷികമായ പുരോഗതികളുടെ കവാടത്തെ കൊട്ടിയടക്കലാണ്. കാരണം മനുഷ്യൻ സമ്പൂർണനല്ലെന്നകാര്യം എല്ലാ ഓരോരുത്തർക്കും വ്യക്തമായി അറിയുന്ന

താണ്. അവൻ തന്റെ സത്തയിൽ പരിപൂർണനല്ല. പ്രത്യുത പരിപൂർത്തീകരണത്തിന് ആശ്രയിക്കുന്നവനാണ്, അവൻ തന്റെ ബാഹ്യമായ അവസ്ഥയിൽ ജനിച്ച് മെല്ല മെല്ലെ തന്റെ അറിവുകൾ വിശാലമാക്കുന്നു. ആദ്യമെതന്നെ ആലിം ഫാളിലായി(മതപണ്ഡിതൻ)ജനിക്കുന്നില്ല. ഇങ്ങനെ അവൻ ജനിച്ച് ബോധം വെക്കുമ്പോൾ അവന്റെ ധാർമികാവസ്ഥ അങ്ങേയറ്റം ദുർബലമായിരിക്കും. യുവത്വപ്രായമുള്ള കുട്ടികളുടെ അവസ്ഥകളിൽ ചിന്തിക്കുമ്പോൾ ഭൂരിഭാഗം കുട്ടികളും ചെറിയ ചെറിയ വഴക്കുകളുടെ നേരത്ത് മറ്റു കുട്ടികളെ അടിക്കുന്നതായി വ്യക്തമായ നിലയിൽ മനസ്സിലാകുന്നതായിരിക്കും. അവരിൽ ഭൂരിഭാഗവും ഓരോ കാര്യത്തിലും കളവു പറയുന്നവരായിരിക്കും. മറ്റു കുട്ടികളെ ചീത്തവിളിക്കുന്നതായിരിക്കും. ചിലർ മോഷണത്തിന്റേയും ഏഷണിപറയലിന്റേയും അസൂയയുടേയും പിശുക്കിന്റേയും ശീലക്കാരായിരിക്കും. പിന്നെ യുവത്വത്തിന്റെ മത്ത് ആവേശംകൊള്ളുമ്പോൾ ദോഷപ്രവണമായ ആത്മാവ് അവരിൽ സഞ്ചരിക്കുന്നു. മിക്കപ്പോഴും അവരിൽനിന്ന് കൊള്ളരുതാത്തതും വൃത്തികെട്ടതുമായ പ്രവൃത്തി പ്രകടമാകുന്നു. അത് സ്പഷ്ടമായ ദുഷ്കർമങ്ങളിലും ദുർനടപടികളിലും പെട്ടതാണ്. പറഞ്ഞതിന്റെ ചുരുക്കം ഭൂരിഭാഗം മനുഷ്യരുടേയും ആദ്യത്തെ ജീവിതഘട്ടം ദുഷിച്ച ജീവിതത്തിന്റേതാണ്. പിന്നീട് ഭാഗ്യവാനായ മനുഷ്യൻ ആദ്യകാലപ്രായത്തിന്റെ ഭീഷണമായ വെള്ളപ്പൊക്കത്തിൽനിന്ന് വെളിയിൽ വരുമ്പോഴാണ് അവൻ തന്റെ ദൈവത്തിലേക്ക് ശ്രദ്ധിക്കുന്നത്. സത്യമായി മാനസാന്തരപ്പെട്ട് ചെയ്യാൻപാടില്ലാത്ത കാര്യങ്ങളിൽനിന്ന് പിന്മാറുന്നു. തന്റെ പ്രകൃതിയുടെ വസത്രത്തെ പരിശുദ്ധമാക്കാനുള്ള ചിന്തയിൽ മുഴുകുന്നു. ഇത് പൊതുവായ നിലയിലുള്ള മാനുഷികജീവിതത്തിന്റെ ചരിത്രമാണ്. അത് മനുഷ്യകുലത്തിന് താണ്ടേണ്ടിവരുന്നു. ഇതിൽനിന്ന് പ്രകടമാകുന്നത് തൗബ സ്വീകരിക്കപ്പെടുന്നില്ലെന്ന കാര്യം സത്യമാണെങ്കിൽ അല്ലാഹുവിന് ആർക്കും മോക്ഷം നല്കാൻ ഉദ്ദേശ്യമില്ലെന്ന് സ്ഥാപിതമാകുന്നതാണ്.(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 192-193)

കുറച്ചാളുകൾ വന്നു. അവർ ബയ്അത്ത് ചെയ്തു. മജ്ലിസും ചേർന്നു. അവിടന്ന് അവരെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു:മനുഷ്യൻ തൗബ ത്തൻന്നസൂഹൻ (66:9)ചെയ്യുക എന്നത് അല്ലാഹുവിന്റെ ഇച്ഛയാണ്;നിഷ്കളങ്കമായ പശ്ചാത്താപം! അവരിൽനിന്ന് പാപമുണ്ടാകാതിരിക്കാൻ ദുആ ചെയ്യുക. പരലോകത്തും ഇഹലോകത്തും നിന്ദിതരാവാതിരിക്കട്ടെ. എങ്ങനെയുള്ള തൗബയാണെന്നാൽ ഇഹലോകത്തും നിന്ദ്യത ഉണ്ടാവരുത്. മരിച്ചതിനുശേഷവും നിന്ദ്യത ഉണ്ടാവരുത്. അവിടന്ന് പറഞ്ഞു: മനുഷ്യൻ മനസ്സിലാക്കി സംസാരിക്കാത്തിടത്തോളം വിനയം അവനിലുണ്ടാകാത്തിടത്തോളം അല്ലാഹുവിന്റെ അടുത്ത് അക്കാര്യമെത്തുകയില്ല.

സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു: 40 ദിവസം കഴിഞ്ഞിട്ടും അല്ലാഹുവിന്റെ മാർഗത്തിൽ കരച്ചിൽ വരുന്നില്ലെങ്കിൽ മനസ്സ് കടുത്ത് പോയിരിക്കുന്നു. ആ കടുത്ത മനസ്സിനുള്ള പ്രായശ്ചിത്തമെന്താണെന്നാൽ മനുഷ്യൻ കരയുക എന്നതാണത്. അതിന് വഴികളുണ്ട്. താനെന്താണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് അവൻ ദൃഷ്ടിപ്പതിപ്പിച്ച് നോക്കുക. തന്റെ പ്രായത്തിന്റെ അവസ്ഥ എന്താണ്? കഴിഞ്ഞുപോയ അവസ്ഥകളിൽ ദൃഷ്ടിപതിപ്പിക്കുക. കഴിഞ്ഞു കടന്ന അവസ്ഥകളിൽ ധാരാളം ബുദ്ധിമുട്ടുണ്ടായ അവസ്ഥകളുമുണ്ടാകും. അതു നോക്കുക. മനുഷ്യന്റെ മനസ്സ് വിറച്ചും പേടിച്ചുമിരിക്കുന്നു. താൻ സ്വയമേവ പാപത്തിൽനിന്ന് രക്ഷപ്പെടുമെന്ന് ആരാണോ പറയുന്നത് അവൻ കള്ളനാണ്. മധുരമുള്ളിടത്ത് ഉറുമ്പുകൾ തീർച്ചായായും വരും. ഇപ്രകാരംതന്നെ ആത്മാവിന്റെ ആഗ്രഹങ്ങളും അതിനോടൊപ്പമുണ്ടാകും. അതിൽനിന്ന് എങ്ങനെ മോക്ഷമുണ്ടാകാനാണ്? അല്ലാഹുവിന്റെ ഫള്ലിന്റേയും റഹ്മത്തിന്റേയും കൈ ഉണ്ടാകുന്നില്ലെങ്കിൽ മനുഷ്യന് പാപത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ല. ഒരു നബിയും ഒരു വലിയ്യും തങ്ങളിൽനിന്ന് പാപമുണ്ടാകുകയില്ലെന്ന് പറയുന്നത് അഭിമാനാർഹമായ സ്ഥാനമല്ല. അവരെപ്പോഴും അല്ലാഹുവിന്റെ ഫള്ൽ ചോദിച്ചുകൊണ്ടിരിക്കുന്നു. നബിമാർ ഇസ്തിഗ്ഫാർ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നാൽ, അല്ലാഹുവിന്റെ കൃപാകടാക്ഷത്തിന്റെ കൈ എപ്പോഴും അവരുടെമേലിരിക്കുക എന്നതാണ്. ഇല്ലെങ്കിൽ ശരീരേച്ഛയ്ക്ക് വിധേയനാകാൻ മനുഷ്യനെ വിട്ടാൽ അവനൊരിക്കലും നിഷ്കളങ്കനും സുരക്ഷിതനുമാകുകയില്ല. അല്ലാഹുമ്മ ബായിദ് ബയ്നീ വ ബയ്ന ഖത്വായാനീ മറ്റു ദുആകളും ഇസ്തിഗ്ഫാറിന്റെ ഉദ്ദേശ്യംതന്നെയാണ് പറയുന്നത്. മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിനു കീഴെ തന്നെ കൊണ്ടുവരികയെന്നതാണ് ഉബൂദിയ്യത്തിന്റെ രഹസ്യം. അല്ലാഹുവിന്റെ അഭയം ആഗ്രഹിക്കാത്തവൻ പൊങ്ങച്ചക്കാരനും അഹങ്കാരിയുമാണ്. (മൽഫൂദാത്ത്, വാള്യം 6, പേജ് 21, 1984 പതിപ്പ്) ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ആരോ ചോദിച്ചു:ആരാധനയിൽ രുചിയുണ്ടാകുന്നതെങ്ങനെയാണ്? ഇപ്പോഴും ആളുകൾ ഒരുപാട് ചോദ്യങ്ങൾ ചോദിക്കാറുണ്ട്.

അവിടന്ന് പറഞ്ഞു:സൽകർമങ്ങളിലും ഇബാദത്തിലും രുചി സ്വയമേവ ഉണ്ടാകുകയില്ല. ഇത് അല്ലാഹുവിന്റെ ഫള്ലിൽനിന്നും തൗഫീഖിൽനിന്നുമാണ് ലഭിക്കുന്നത്. മനുഷ്യൻ പരിഭ്രമിക്കാൻ പാടില്ല. അതാണാവശ്യം. അല്ലാഹുവിനോടു അവന്റെ തൗഫീഖിനും ഫള്ലിനും വേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ഇബാദത്തിലെ രുചിയും അവനോടുതന്നെ ചോദിക്കുക. ദുആകളിൽ ക്ഷീണിച്ചുപോകാൻ പാടില്ല. മനുഷ്യൻ ഇപ്രകാരം സ്ഥിരചിത്തതയോടെ മുഴുകിക്കൊണ്ടിരുന്നാൽ അവന്റെ മനസ്സിൽ അതുകിട്ടാതിരുന്നതിലുള്ള വ്യാകുലതയുടേയും അസ്വസ്ഥതയുടേയും ആ അവസ്ഥ അല്ലാഹുവിന്റെ ഫള്ലുകൊണ്ടുണ്ടാകുന്നു. അതായത് ആരാധനയ്ക്ക് ഒരു താൽപര്യവും രുചിയുമുണ്ടാകാൻ തുടങ്ങുന്നു. പക്ഷേ, ആരെങ്കിലും മുജാഹദയും പരിശ്രമവും നടത്താതെ ആരെങ്കിലും ഊത്തുകൊണ്ട് അത് നേടിത്തരുമെന്ന് കരുതുകയാണെങ്കിൽ അത് അല്ലാഹുവിന്റെ നിയമമോ നടപടിക്രമമോ അല്ല. ഇപ്രകാരം ആരാണോ അല്ലാഹുവിനെ പരീക്ഷിക്കുന്നത് അവൻ അല്ലാഹുവിനെ പരിഹസിക്കുന്നവനും നിശിപ്പിക്കപ്പെടുന്നവനുമാണ്.

നല്ലവണ്ണം ഓർത്തുകൊള്ളുക. മനസ്സ് അല്ലാഹുവിന്റെ കൈയിൽത്തന്നെയാണ്. അവന്റെ ഫള്ൽ ഇല്ലെങ്കിൽ രണ്ടാം ദിവസംപോയി ക്രിസ്ത്യാനിയാകും. അല്ലെങ്കിൽ മറ്റേതെങ്കിലും നിർമതക്കാരിൽ അകപ്പെടും. അതുകൊണ്ട് എപ്പോഴും അവന്റെ ഫള്ലിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. നിങ്ങളെ സ്വിറാത്തെ മുസ്തഖീമിൽ നിലനിറുത്തുന്നതിന് അവനോടു സഹായം തേടുക. ആരാണോ സ്വച്ഛന്ദം വിഹരിക്കുന്നവനാകുന്നത് അവൻ ശയ്ത്വാനായിത്തീരുന്നു. അതുകൊണ്ട് മനുഷ്യനെ നശിപ്പിക്കുന്ന വിഷവും കോപവും ഉണ്ടാകാതിരിക്കാൻ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്.(മൽഫൂദാത്ത് വാള്യം 8, പേജ് 154-155, 1984 പതിപ്പ്)

അതുകൊണ്ട് ആരാധനയുടെ യോഗ്യതാനിലവാരം കരസ്ഥമാക്കുന്നതിനും ഇസ്തിഗ്ഫാറിന്റെ വളരെ ആവശ്യമുണ്ട്. പിന്നീട് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദീകരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: 'തൗബ, ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.' ഇതാണ് നടപടിക്രമം. തൗബ, ഇസ്തിഗ്ഫാർ കൂടാതെ മനുഷ്യന് ചെയ്യാൻ കഴിയുന്നതെന്താണ്. തൗബ, ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ അല്ലാഹു പൊറുത്തുതരുമെന്നാണ് എല്ലാ നബിമാരും പറഞ്ഞിട്ടുള്ളത്. മനുഷ്യന്റെ പ്രകൃതിയിൽ കുടികൊള്ളുന്ന പാപശക്തി പ്രകടമാകാതിരിക്കാൻ നമസ്കരിക്കുക, ഭാവിയിൽ പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് അല്ലാഹുവിനോടു സഹായം തേടുക, ചെയ്തുപോയ പാപങ്ങൾക്ക് മാപ്പു ചോദിക്കുക, ആവർത്തിച്ച് ഇസ്തിഗ്ഫാർ ചെയ്യുക. മനുഷ്യപ്രകൃതിയിൽ രണ്ടുതരത്തിലുള്ള കഴിവു കാണാം. ഒന്ന് കസ്ബെ ഖയ്റാത്ത് അഥവാ പുണ്യകർമ സമ്പാദനം. നല്ല കർമങ്ങൾ ചെയ്യുന്നതിനുള്ള ശക്തി. രണ്ടാമത്തേത് ദുഷ്കർമങ്ങൾ ചെയ്യുന്നതിനുള്ള ശക്തി. ഇത്തരം ശക്തി തടഞ്ഞുവെക്കേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്. കല്ലിൽ തീയുടെ ഒരു ശക്തിയുള്ളതുപോലെയാണ് മനുഷ്യനുള്ളിൽ ഈ ശക്തിയുള്ളത്. (മൽഫൂദാത്ത് വാള്യം 9, പേജ് 372, 1984 പതിപ്പ്)


വീണ്ടും പറഞ്ഞു:വ അനിസ്തഗ്ഫിറൂ റബ്ബക്കും ഥുമ്മ തൂബൂ ഇലയ്ഹി(11:4)നിങ്ങളുടെ നാഥനോടു നിങ്ങൾ പാപമോചനത്തിന് അർഥിക്കുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക). ഓർമിക്കുക, ഈ രണ്ടു കാര്യങ്ങളും ഈ ഉമ്മത്തിന് പ്രദാനം ചെയ്യപ്പെട്ടു. ഒന്നു ശക്തി കരസ്ഥമാക്കുന്നതിന് 'ഇസ്തിഗ്ഫാർ' ചെയ്യുക. രണ്ടാമത്തേത് കരസ്ഥമാക്കിയ ശക്തി കർമപരമായ നിലയിൽ കാണിക്കുന്നതിന് തൗബ ചെയ്തുകൊണ്ട് അവനിലേക്ക് മടങ്ങുക. ശക്തി കരസ്ഥമാക്കുന്നതിന് ഇസ്തിഗ്ഫാറാണ്. ഇതിന് മറ്റു വാക്കുകളിൽ ഇസ്തംദാദ് (സഹായത്തിന്നപേക്ഷിക്കൽ)എന്നും ഇസ്തിആനത്ത് (സഹായം അഭ്യർഥിക്കൽ)എന്നും പറയുന്നു. സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു, വ്യായാമം ചെയ്യുന്നതുകൊണ്ട് മുമ്പേയും ഞാൻ പറഞ്ഞതുപോലെ ഭാരമുള്ള വസ്തുക്കളുയർത്തുകയും ചലിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ശാരീരികമായ കഴിവും ശക്തിയും വർധിക്കുന്നു. ഇതേപോലെ ആത്മീയമായ വ്യായാമത്തിനുള്ള സാമഗ്രിയാണ് ഇസ്

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)

SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

തിഗ്ഫാർ. അതിനോടൊപ്പം ആത്മാവിനൊരു ശക്തി ലഭിക്കുന്നു. മനസ്സിൽ സൈഥര്യമുണ്ടാകുന്നു. ശക്തിയാർജിക്കാൻ താൽപര്യമുള്ളവർ ഇസ്തിഗ്ഫാർ ചെയ്യുക.(മൽഫൂദാത്ത് വാള്യം 2, പേജ് 67-68, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:അല്ലാഹുവിന്റെ ഫള്ലിന്റേയും കറമിന്റേയും കവാടം ഒരിക്കലും അടയുകയില്ല. മനുഷ്യൻ സത്യഹൃദയത്തോടും ആത്മാർഥതയോടും മടങ്ങിയാൽ അവൻ ഗഫൂറും റഹീമുമാണ്. തൗബ സ്വീകരിക്കുന്നവനാണ്. ഏതൊക്കെ പാപികൾക്കാണ് പൊറുത്തുകൊടുക്കുക എന്നു ചോദിക്കുന്നത് അല്ലാഹുവിന്റെ സന്നിധിയിൽ ഗുരുതരമായ ധിക്കാരവും അപമര്യാദയുമാണെന്ന് മനസ്സിലാക്കേണ്ടതാണ്. അവന്റെ കാരുണ്യത്തിന്റെ ഖജനാവ് വളരെ വിശാലവും പരിധിയില്ലാത്തതുമാണ്. അവന്റെ സന്നിധിയിൽ ഒന്നിനും കുറവില്ല. അവന്റെ വാതിലുകൾ ആർക്കും അടയ്ക്കപ്പെടുന്നില്ല. ഇത്രയും ഉദ്യോഗാർഥികൾക്ക് എവിടന്ന് ജോലി നല്കാനാണെന്ന് ചോദിക്കുന്ന ഇംഗ്ലീഷുകാരുടെ ഉദ്യോഗം പോലെയല്ല അത്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ എത്രത്തോളമെത്തുമോ അവരെല്ലാം ഉന്നതമായ പദവികൾ പ്രാപിക്കുന്നതാണ്. ഇതു ദൃഢഗാഢപരമായ വാഗ്ദാനമാണ്. അല്ലാഹുവിനെത്തൊട്ട് നിരാശനാകുന്ന മനുഷ്യൻ വലിയ നിർഭാഗ്യനും ഭാഗ്യംകെട്ടവനുമാണ്. അവന്റെ മരണവായുവിന്റെ സമയം അശ്രദ്ധമായ അവസ്ഥയിൽ അവനിൽ വരുന്നതായിരിക്കും.(മൽഫൂദാത്ത് വാള്യം 3, പേജ് 296-297, 1984 പതിപ്പ്). അവസാനം മരണസമയം വന്നെത്തുമ്പോൾ ആരുമുണ്ടാകുകയില്ല. വീണ്ടും പറയുന്നു:'വ്യക്തമായും മനസ്സിലാക്കുക, തൗബ അറബി നിഘണ്ടുവിൽ മടങ്ങുന്നതിനാണ് പറയുന്നത്. ഇക്കാരണത്താൽ വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമവും തവ്വാബ് എന്നാണ്. അതായത് ഒരുപാട് മടങ്ങുന്നവൻ. മനുഷ്യൻ പാപങ്ങളിൽനിന്നെല്ലാം പിന്മാറി സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അതിനെക്കാൾ കൂടുതൽ അവനിലേക്ക് മടങ്ങുന്നു എന്നാണ് അതിന്റെ അർഥം. ഇക്കാര്യം ശരിക്കും പ്രകൃതിനിയമമനുസരിച്ചാണ്. കാരണം അല്ലാഹു മനുഷ്യകുലത്തിന്റെ പ്രകൃതിയിൽ ഇക്കാര്യം വെച്ചപ്പോൾ, ഒരു മനുഷ്യൻ സത്യഹൃയത്തോടെ മറ്റൊരു മനുഷ്യനിലേക്ക് മടങ്ങുമ്പോൾ അവന്റെ മനസ്സും അവനുവേണ്ടി മൃദുലമായിത്തീരുന്നു. അപ്പോൾ മനുഷ്യൻ സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അവനിലേക്ക് മടങ്ങുകയില്ലെന്ന് ബുദ്ധി പറയുന്നതെങ്ങനെ. എന്നല്ല ദൈവം, അവന്റെ സത്ത അങ്ങേയറ്റം കരീമും റഹീമുമായിട്ടുള്ളതാണ്. അവൻ മനുഷ്യരെക്കാൾ വളരെ കൂടുതൽ അവനിലേക്ക് മടങ്ങുന്നു. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ പേര് ഞാനിപ്പോൾ എഴുതിയതുപോലെ തവ്വാബ് എന്നത്. അതായത് ഒരുപാട് മടങ്ങുന്നവൻ. അതുകൊണ്ട് ദാസന്റെ പാപങ്ങളിൽനിന്നുള്ള മടക്കം പശ്ചാത്താപത്തോടും ലജ്ജയോടും എളിമയോടും വിനയത്തോടുംകൂടിയായിരിക്കും. അല്ലാഹു ദാസനിലേക്ക് മടങ്ങുന്നത് റഹ്മത്തോടും മഗ്ഫിറത്തോടും കൂടിയായിരിക്കും. റഹ്മത്ത് അല്ലാഹുവിന്റെ സവിശേഷ ഗുണത്തിൽപ്പെട്ടതല്ലായിരുന്നുവെങ്കിൽ ഒരാളും മുക്തി പ്രാപിക്കുമായിരുന്നില്ല. അഹോ കഷ്ടം! അക്കൂട്ടർ അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളിൽ ചിന്തിച്ചില്ല. എല്ലാത്തിന്റേയും അച്ചുതണ്ട് തങ്ങളുടെ കർമത്തിലും പ്രവൃത്തിയിലും വെച്ചു. എന്നാൽ, ആ അല്ലാഹു, അവനാണ് ഒരു പ്രവൃത്തിയുംകൂടാതെ ആയിരക്കണക്കിന് നിഅ്മത്തുകൾ മനുഷ്യനുവേണ്ടി ഭൂമിയിൽ സൃഷ്ടിച്ചത്. അപ്പോൾ അവന്റെ സ്വഭാവം, ദുർബലനായ മനുഷ്യൻ തന്റെ അശ്രദ്ധ അറിഞ്ഞുകൊണ്ട് അവനിലേക്ക് മടങ്ങുകയും മടക്കവും മരിക്കുന്നതുപോലെ ആകുകയും ആദ്യത്തെ അശുദ്ധമായ വസ്ത്രം തന്റെ ശരീരത്തിൽനിന്ന് ഊരുകയും അവന്റെ സ്നേഹാഗ്നിയിൽ എരിക്കുകയും ചെയ്തിട്ടും അല്ലാഹു അവനിലേക്ക് കരുണയോടുകൂടി ശ്രദ്ധിക്കാതിരിക്കുമോ? ഇതിന്റെ പേരാണോ പ്രകൃതി നിയമം? അല്ല. ആരാണോ ഇങ്ങനെ പറയുന്നത് അവന്റെമേൽ അല്ലാഹുവിന്റെ ശാപം!'(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 133-134)സ്വന്തം ജീവിതത്തിൽ വ്യക്തമായ മാറ്റങ്ങളുണ്ടാക്കാൻ ശ്രദ്ധക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു:നല്ലവണ്ണം ഓർമിച്ചുകൊള്ളുവിൻ!അല്ലാഹുവിനെ വിട്ടുകൊണ്ട് മരുന്നിലും ഉപായങ്ങളിലും വിശ്വസിക്കുന്നത് വിഡ്ഢിത്തമാണ്. പുതിയജീവിതം ഇസ്തിഗ്ഫാറിന്റെ ജീവിതമാണെന്ന് അറിയുന്നതുപോലെ നിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കുക. അധികമധികമായി ഇസ്തിഗ്ഫാർ ചൊല്ലുക. ഭൗതികമായ ജോലിത്തിരക്കുകാരണത്താൽ ആർക്കാണോ ഇസ്തിഗ്ഫാർ ചെയ്യാൻ സമയം കിട്ടാത്തത് അവർ ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടതാണ്. ഭൗതികജോലികളിൽ മുഴുകുന്ന കാരണത്താൽ തങ്ങൾക്ക് വളരെ കുറച്ചുസമയമെ കിട്ടുന്നുള്ളുവെന്ന് അവർ പറയുന്നു. അവർ ഒരുപാട് ഭയപ്പെടേണ്ടതാണ്. അല്ലാഹുവിനുവേണ്ടി ചെയ്യേണ്ടതായ ഉദ്യോഗസ്ഥന്മാരുടെ ഭൂരിഭാഗം നിർബന്ധ കടമകളും മരിച്ചുപോകുന്നു. അതുകൊണ്ട് നിർബന്ധിതാവസ്ഥയിൽ ളുഹ്റും-അസ്റും മഗ്രിബും-ഇശായും ജംആക്കി നമസ്കരിക്കുന്നത് അനുവദനീയമാകുന്നു. വളരെ നിർബന്ധിതാവസ്ഥയാണെങ്കിൽ ജംആക്കി നമസ്കരിച്ചുകൊള്ളുക. പക്ഷേ, അടിസ്ഥാനം സമയത്ത് നമസ്കരിക്കണമെന്നതാണ്. അദ്ദേഹം പറയുന്നു: ഭരണാധികാരികളോടു നമസ്കരിക്കാൻ അനുവാദം ചോദിച്ചാൽ അവർ അനുവാദം കൊടുക്കുമെന്നും എനിക്കറിയാം. ഉദ്യോഗസ്ഥരായിട്ടുള്ള മുസ്ലിമീങ്ങൾ തങ്ങളുടെ ഓഫീസർമാരോടു നമസ്കരിക്കാൻ അനുവാദം ചോദിച്ചാൽ അവർ മുസ്ലിമല്ലെങ്കിൽത്തന്നെയും അനുവദിക്കാറുണ്ട്........നമസ്കാരം ഉപേക്ഷിക്കാൻ അത്തരം അനാവശ്യമായ ഒഴികഴിവ് തങ്ങളുടെ ആത്മാവിന്റെ ബലഹീനതയല്ലാതെ മറ്റൊന്നുമല്ല. അല്ലാഹുവിനോടുള്ള കടമകളിലും സൃഷ്ടികളോടുള്ള കടമകളിലും അക്രമവും ബലാൽക്കാരവും കാണിക്കാതിരിക്കുക. തങ്ങളുടെ നിർബന്ധ കടമകൾ വിശ്വസ്തതയോടെ നിർവഹിക്കുക.(മൽഫൂദാത്ത് വാള്യം 1, പേജ് 265, 1984 പതിപ്പ്)

അതുകൊണ്ട് ഇസ്തിഗ്ഫാറിനും തൗബയ്ക്കും ഫലമുണ്ടാകുന്നത് അടിസ്ഥാനപരമായ കൽപനകളേയും മുന്നിൽവെച്ചുകൊണ്ട് അവയെ ശരിയായ നിലയിൽ പിൻപറ്റുമ്പോഴാണ്. നമസ്കാരങ്ങൾ നിർവഹിക്കുന്നത് നിയമാനുസൃതമായിരിക്കണം. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ശരിയായ നിലയിൽ നിറവേറ്റണം.

അവിടന്ന് പറയുന്നു:ഉണരുക! തൗബചെയ്യുക. നിങ്ങളുടെ ഉടമസ്ഥനെ സൽകർമങ്ങൾകൊണ്ട് സംതൃപ്തനാക്കുക. വിശ്വാസപരമായ തെറ്റുകൾക്കുള്ള ശിക്ഷ മരിച്ചതിനുശേഷമാണ്. ഹിന്ദുവാണോ ക്രിസ്തിയാനിയാണോ മുസ്ലിമാണോ എന്ന് തീരുമാനിക്കുന്നത് ഖിയാമത്തുന്നാളിലാണ്. പക്ഷേ, ആരാണോ അക്രമത്തിലും ബലാൽക്കാരത്തിലും കുഴപ്പങ്ങളിലും കുറ്റകൃത്യങ്ങളിലും അതിരുകടക്കുന്നത് അവന് ഈ സ്ഥലത്തുതന്നെ ശിക്ഷ നല്കപ്പെടുന്നു. അപ്പോൾ അവർക്ക് അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് ഒരുവിധത്തിലും ഓടിയൊളിക്കാൻ കഴിയുകയില്ല. അതുകൊണ്ട് നിങ്ങളുടെ ദൈവത്തെ എത്രയും വേഗം തൃപ്തിപ്പെടുത്തുക.........അവൻ അങ്ങേയറ്റത്തെ കരീമാണ്. കരയിക്കുന്ന ഒരു നിമിഷത്തെ തൗബകൊണ്ട് 70 വർഷത്തെ പാപം അവന് പൊറുക്കാൻ കഴിയും. തൗബ സ്വീകരിക്കപ്പെടുകയില്ലെന്ന് പറയാതിരിക്കുക. നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങളിൽനിന്ന് രക്ഷപ്പെടാൻ കഴിയുകയില്ലെന്നത് ഓർക്കുക. എപ്പോഴും ഫള്ലാണ് രക്ഷിക്കുന്നത്;കർമങ്ങളല്ല. അതുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുക. അവന്റെ ഫള്ൽ ചോദിച്ചുകൊണ്ടിരിക്കുക. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. വീണ്ടും പറഞ്ഞു:റഹീമും കരീമുമായ അല്ലാഹുവേ!ഞങ്ങളെല്ലാവരുടേയുംമേൽ ഫള്ൽ ചെയ്താലും. ഞങ്ങൾ നിന്റെ ദാസരാണ്. നിന്റെ സന്നിധിയിൽ വീണിരിക്കുകയാണ്. ആമീൻ(ലക്ച്ചർ ലാഹോർ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 174)

അല്ലാഹു നമ്മെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. നമ്മളെ തൗബയുടെ യഥാർഥ പൊരുൾ മനസ്സിലാക്കിക്കൊണ്ട് ഇസ്തിഗ്ഫാറും തൗബയും ചെയ്യുന്നവരാക്കട്ടെ.


ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുകയാണ്. അതിനുശേഷം അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അവരിൽ ആദ്യത്തെ അനുസ്മരണം ആനിസ ബീഗം സാഹിബയുടേതാണ്. അവർ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ)ന്റെ മകളായിരുന്നു. 93-ാമത്തെ വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്ര

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഹത്താൽ മൂസ്വിയ ആയിരുന്നു. ഖാദിയാനിലാണ് ജനിച്ചത്. ഹദ്റത്ത് മീർ നാസ്വിർ നവാബ് സാഹിബ് അവരുടെ പിതാമഹനായിരുന്നു. അവരുടെ മാതാവിന്റേ പേര് ഹദ്റത്ത് സ്വാലിഹ ബീഗം ബിൻത് പീർ മൻള്വൂർ മുഹമ്മദ് സാഹിബ് എന്നായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയത് ഖാദിയാനിലായിരുന്നു. അല്ലാഹു അവർക്ക് രണ്ടു ആൺമക്കളേയും ഒരു മകളേയും നല്കി അനുഗ്രഹിച്ചു. ഖാളീ ശൗക്കത്ത് സാഹിബുമായിട്ടായിരുന്നു അവരുടെ വിവാഹം നടന്നത്.

മീർ മഹ്മൂദ് അഹ്മദ് സാഹിബ് തന്റെ സഹോദരിയെക്കുറിച്ച് റബ്‌വയിൽ നിന്നെഴുതുന്നു: ആർക്കും ഉപദ്രവമുണ്ടാക്കാത്ത വിഷമമുണ്ടാക്കാത്ത അങ്ങേയറ്റം സാധാരണ സ്ത്രീയായിരുന്നു. വിവാഹത്തിനുമുമ്പേ മുഴുവൻ കുടുംബത്തിനും സേവനം ചെയ്യുന്ന ഞങ്ങളുടെ സഹോദരിയായിരുന്നു. അദ്ദേഹം പറയുന്നു: റബ്‌വയുടെ ആരംഭകാലത്ത് ഇവിടെ വൈദ്യുതി ഉണ്ടായിരുന്നില്ല. അതികഠിനമായ ചൂടായിരുന്നു. സാധാരണ വീടുകളിലാണ് താമസിച്ചിരുന്നത്. അദ്ദേഹം പറയുന്നു, ഞങ്ങൾ ചൂടിൽനിന്ന് രക്ഷപ്പെടുന്നതിന് ഒരു മുറിയിൽ സംഘടിക്കുമായിരുന്നു. അവിടെ വലിയൊരു പങ്ക(തട്ടിൽനിന്ന് തൂക്കിയിട്ട് പുറത്തുനിന്ന് ചരടുവലിച്ച് പ്രവർത്തിപ്പിച്ചിരുന്ന തൂക്കുവിശറി) ഉണ്ടായിരുന്നു. ഇവർ ആരും പറയാതെതന്നെ ഞങ്ങളുടെ സുഖത്തിനുവേണ്ടി, ഞങ്ങൾ സുഖമായി ഉറങ്ങുന്നതിന് വെളിയിലിരുന്ന് കയറു വലിക്കുമായിരുന്നു. അവരിൽ എല്ലാവർക്കും സേവനം ചെയ്യുന്നതിന് അതിരറ്റ ആവേശമുണ്ടായിരുന്നു.

അവരുടെ മക്കളെഴുതുന്നു:ഞങ്ങളുടെ ഉമ്മ അങ്ങേയറ്റം ആത്മാർഥതയുള്ള അഹ്മദി മുസ്ലിമായിരുന്നു. കടമകളും നിർബന്ധകാര്യങ്ങളും നിറവേറ്റുന്ന ഭാര്യയായിരുന്നു. സ്വഭാവം വളരെ ലളിതവും സ്നേഹിക്കുന്നതുമായിരുന്നു. റസൂലുല്ലാഹി(സ)യുടേയും അവിടത്തെ ഖലീഫമാരുടേയും സ്വഹാബത്തിന്റേയും സുപ്രധാനവും കാമ്പുനിറഞ്ഞതുമായ സംഭവങ്ങൾ അങ്ങേയറ്റം ലളിതമായി വിവരിക്കുമായിരുന്നു. കുട്ടികളേയും മറ്റുള്ളവരേയും ഈമാനിൽ നിലകൊള്ളാനും അന്തസോടെ ജീവിക്കാനും സാധാരണ നിലയിൽ ഉപദേശിക്കാറുണ്ടായിരുന്നു. ജമാഅത്തുപരമായ ജോലികളിൽ പ്രവർത്തനനിരതയായ അംഗമായിരുന്നു. അവരുടെ സ്വഭാവത്തിൽ മനോഹാരിതയും ലാളിത്യവുമുണ്ടായിരുന്നു. പ്രസംഗത്തിലും വളരെ നല്ലതായിരുന്നു. അവരുടെ സഹോദരീ പുത്രിയാണ് അമത്തുൽകാഫീ സാഹിബ. അവർ പറയുന്നു: തന്റെ മാതാപിതാക്കളിൽനിന്ന് പ്രാപിച്ച അടിസ്ഥാനപരമായ തർബിയ്യത്ത് വളരെ ശക്തമായിരുന്നു. അതെത്രമാത്രം ശക്തമായിരുന്നുവെന്നാൽ ഒരിക്കലും അതിൽനിന്ന് വ്യതിചലിച്ചിരുന്നില്ല. ദീനിനു സേവനം ചെയ്യാനുള്ള ആവേശം എത്രത്തോളമായിരുന്നുവെന്നാൽ ന്യൂയോർക്ക് പോലുള്ള പട്ടണത്തിൽ ഔദ്യോഗികമായി മസ്ജിദിൽ പോയി അടിച്ചുവാരി വൃത്തിയാക്കുമായിരുന്നു. ആരോഗ്യം നിലനിന്നിടത്തോളം സാധനങ്ങൾ വാങ്ങുന്ന നേരത്ത് സാധാരണക്കാരെ അവരുടെ ഗ്രാഹ്യവും ഭാഷയുമനുസരിച്ച് തബ്‌ലീഗ് ചെയ്യാറുണ്ടായിരുന്നുവെന്ന് ആളുകൾ പറയുന്നുണ്ട്. ദരിദ്രരോടും വിവശരോടും മനസ്സിൽ സഹതാപത്തിന്റേയും സ്നേഹത്തിന്റേയും ശക്തമായൊരു കാറ്റുവീശിയിരുന്നു. അല്ലാഹു അവരുടെ മക്കൾക്കും അവരുടെ നന്മകളെ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അവരോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സിയാൽക്കോട്ടിലെ ബുശ്റാ അക്റം സാഹിബയുടേതാണ്. അവരും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1955-ൽസിയാൽക്കോട്ടു ജില്ലയിലെ ഭഡാൽ എന്ന സ്ഥലത്ത് ജിനിച്ചു. പരേത സാത്വികയും മുത്തഖിയും നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്ന ആത്മാർഥ സ്ത്രീയായിരുന്നു. അതിഥിസൽക്കാരം, സാധുക്കളെ സഹായിക്കൽ, ഖിലാഫത്തിനോടുള്ള സ്നേഹം തുടങ്ങിയവ അവരുടെ പ്രത്യേക ഗുണങ്ങളായിരുന്നു. വാഖ്ഫീനെ സിന്ദഗിമാരെ വളരെയധികം ആദരിച്ചിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനു പുറമെ ഒരു മകനും മൂന്നു പെൺമക്കളുമുണ്ട്. അവരുടെ മകൻ ബാബർ ശഹ്സാദ് സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. സിയറ ലിയോണിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. അവിടെ പ്രവർത്തനരംഗത്തായ കാരണത്താൽ അദ്ദേഹത്തിന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ബാബർ ശഹ്സാദ് സാഹിബ് എഴുതുന്നു:ഞാൻ ജാമിഅയിൽ പ്രവേശിച്ചപ്പോൾ വളരെ സന്തോഷിച്ചു. നിന്നോടു എന്താണ് ചോദിച്ചതെന്ന് എന്നോടു ചോദിച്ചിരുന്നു. പറയുന്നു, അവർ ജാമിഅയിൽ ചോദിച്ചത്, നീ ഏക മകനാണ്, നീ വഖ്ഫു ചെയ്താൽ മാതാപിതാക്കളെ ആരു നോക്കും എന്നാണ്. ഞാൻ മറുപടി പറയേണ്ടത് നല്കി. പക്ഷേ ഉമ്മ ഇതുകേട്ടിട്ട് പറഞ്ഞു, എനിക്ക് ഏഴ് ആൺമക്കളുണ്ടായിരുന്നെങ്കിൽ ഞാൻ എല്ലാവരേയും വഖ്ഫു ചെയ്യുമായിരുന്നു. അദ്ദേഹം പറയുന്നു, അവസാന നാളുകളിൽ ആശുപത്രിയിലായിരുന്നപ്പോൾ ഞാൻ ഫോൺ ചെയ്തിരുന്നു. എങ്ങനെയുണ്ടെന്ന് ഞാൻ ചോദിച്ചു. ഒരുപാടു ബുദ്ധിമുട്ടുകളുണ്ടായിരുന്നിട്ടും അവർ പറഞ്ഞത്, നല്ലതുതന്നെ, ഡോക്ടറുടെ നിർദേശപ്രകാരം തിന്നുകയും കുടിക്കുകയും ചെയ്യുന്നു. അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു:എനിക്കെന്തെങ്കിലും സംഭവിച്ചാൽ വിഷമിക്കരുത്. അവിടെത്തന്നെ നിൽക്കണം. നീ ആഫ്രിക്കയിലല്ലേ? അവിടത്തന്നെ നിൽക്കുക. കുട്ടികളെ വിഷമിപ്പിക്കരുത്. നീ വഖ്ഫെ സിന്ദഗിയാണ്. അതുകൊണ്ട് സ്വബ്ർ ചെയ്യണം.അദ്ദേഹം പറയുന്നു, ഇതായിരുന്നു എന്റെ ഉമ്മയുടെ അവസാന വാക്കുകൾ. ദരിദ്രരേയും അശരണരേയും വിധവകളേയും നോക്കിയിരുന്നു. അവരെ സാമ്പത്തികമായി സഹായിച്ചിരുന്നു. ഗോതമ്പിന്റേയും നെല്ലിന്റേയും ധാന്യം വന്നാൽ അതു പല ഭാഗങ്ങളായി വീതിക്കുമായിരുന്നു. അല്ലാഹു അവരോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

മൂന്നാമത്തെ ജനാസ ഓസ്ട്രേലിയായിലെ ചൗദ്ദരീ മുഹമ്മദ് അഖ്തർ സാഹിബിന്റെ ഭാര്യ മുസർറത്ത് ജഹാൻ സാഹിബയുടേതാണ്. ഇവരും കഴിഞ്ഞ ദിവസം 87-ാം വയസ്സിൽ വഫാത്തയി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവരുടെ പിതാമഹൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ബാബു മുഹമ്മദ് അഫ്ളൽ ഓജലവി സാഹിബായിരുന്നു. അദ്ദേഹത്തിന്റെ തണലിലാണ് ഇവർ ശിക്ഷണം കൈവരിച്ചത്. അവർക്ക് ബ്രെയിൻ ഹേംബിർജായിരുന്നു. കഴിഞ്ഞ 16 വർഷമായി ഇതുകാരണത്താൽ കിടപ്പിലായിരുന്നു. അവരുടെ മക്കൾ, ഒരുമകൻ സാഹിദും മരുമകളും പ്രത്യേകമായി അവരെ ഒരുപാട് സേവിച്ചു. മരുമകൾ പറയുന്നു, എപ്രകാരം അവർ തങ്ങളുടെ ആക്ടീവ് ജീവിതത്തിൽ എന്നോടു എപ്പോഴും പെരുമാറിയിരുന്നത് ഭർതൃമാതാവെന്ന നിലയിലല്ല, മകളോടെന്നപോലെയായിരുന്നു. നമസ്കാരം നോമ്പ്, തഹജ്ജുദ് എന്നിവ കൃത്യമായി അനുഷ്ഠിച്ചിരുന്നു. ആരാധനയ്ക്ക് പ്രത്യേകം ഒരുങ്ങുമായിരുന്നു. ആരാധനയ്ക്ക് തന്റെ വീട്ടിലും പ്രത്യേകസ്ഥലം ഒരുക്കിയിരുന്നു.ദാറുൽഉലൂമിൽനിന്ന് മസ്ജിദ് മുബാറക്കിൽ ദറസുണ്ടായിരുന്നപ്പോൾ അതു കേൾക്കുന്നതിന് നടന്നുപോകുമായിരുന്നു. അവസാനത്തെ പത്തിൽ തറാവീഹ് നമസ്കാരത്തിനും പോകാറുണ്ടായിരുന്നു. ഖിലാഫത്തിനോടു അതിരറ്റ വിശ്വാസപരവും ആദരപരവുമായ ബന്ധമായിരുന്നു. അവരുടെ പിതാവ് റെയിൽവേയിൽ സ്റ്റേഷൻമാസ്റ്ററായിരുന്നു. അദ്ദേഹത്തിന്റെ പോസ്റ്റിംഗ് എവിടെ നടന്നാലും അവിടെ വീട്ടിൽ കുട്ടികൾക്ക് ഖുർആൻ പഠിപ്പിക്കുന്നതിന് ക്ലാസ്സ് സംഘടിപ്പിക്കുമായിരുന്നു. റബ്‌വയിൽ താമസം തുടങ്ങിയപ്പോൾ അവിടേയും വിശുദ്ധ ഖുർആൻ പഠിപ്പിക്കാനുള്ള ഏർപാട് ചെയ്തിരുന്നു. അവരുടെ സന്തപ്ത കുടുംബത്തിൽ ഭർത്താവിനു പുറമെ മൂന്നു ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. അവരുടെ ഇളയമകൻ ഹാഫിള് റാശിദ് ജാവേദ് സാഹിബ് റബ്‌വയിലെ നാളിം ദാറുൽ ഖളായാണ്. വഖ്ഫെ സിന്ദഗിയാണ്. അല്ലാഹു അവരുടെ മക്കൾക്കും അവരുടെ നന്മകളെ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അവരോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ.

നാലാമത്തെ അനുസ്മരണം അമേരിക്കയിലെ നാസ്വിർ അഹ്മദ് ഖുറയ്ശി സാഹിബിന്റേതാണ്. അദ്ദേഹവും കഴിഞ്ഞ ദിവസം 88-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ഇദ്ദേഹം അമത്തുൽബാ

(ശേഷം പേജ് 12ൽ)

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 09 ചൊവ്വാഴ്ച**
**വാള്യം 8 ലക്കം 38 പേജ് 10**
**കോളം 2-ൽനിന്ന് തുടർച്ച.....**

ഡെപ്യൂട്ടി മേയർ മസ്ജിദിന്റെ സവിശേഷതകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. തന്റെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന് കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് അദ്ദേഹം വിവരിച്ച പ്രതീക്ഷകൾ അഥവാ ഇസ്‌ലാമിന്റെ യഥാർഥ ആത്മാവെന്ന നിലയിൽ അദ്ദേഹം പ്രകടിപ്പിക്കുന്ന വിചാരം ഇൻശാ അല്ലാഹ് ഈ മസ്ജിദ് നിർമിച്ചതിനുശേഷം അഹ്മദീ മുസ്‌ലിമീങ്ങൾ മുമ്പേയുണ്ടായിരുന്നതിനെക്കാളേറെ അവരുടെ മാതൃകകൾകൊണ്ടും ഓരോ പ്രവൃത്തികൊണ്ടും പ്രകടമാക്കുന്നതായിരിക്കും.

ഇന്റിഗ്രേഷനെക്കുറിച്ച് സംസാരിക്കുമ്പോൾ എന്റെ ദൃഷ്ടിയിൽ ഉദ്ഗ്രഥനം എന്നു പറയുന്നത് കേവലം പ്രത്യക്ഷമായ കൂടിച്ചേരൽ മാത്രമല്ല, പ്രത്യുത, യഥാർഥ ഇന്റിഗ്രേഷൻ ഇതര രാജ്യങ്ങളിൽ നിന്ന് ഇവിടെ വന്ന് താമസിക്കുന്നവർ ജർമനിയുടെ പൗരത്വം ലഭിക്കുമ്പോഴാണ് സംഭവിക്കുന്നത്. ഇവിടെ വന്ന അവർക്ക് ഒരു ജർമൻ പൗരന് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ലഭിക്കുന്നു. അവരുടെ മക്കൾ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുന്നു. ഇനി ഈ രാജ്യത്തോടു പൂർണമായ കൂറ് അവരുടെ വിശ്വാസത്തിന്റെ ഭാഗമാകലാണ് യഥാർഥ ഇന്റിഗ്രേഷൻ അഥവാ സംയോജനം. പൂർണമായവിശ്വാസം പുലർത്താതിരുന്നാൽ, രാഷ്ട്രത്തിന്റെ പുരോഗതിയിൽ പങ്കാളിയാകാതിരുന്നാൽ, ഇവിടുത്തെ സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി സ്വന്തം ചിന്തകളേയും ബുദ്ധികളേയും സർവ്വ കഴിവുകളേയും ഉപയോഗിക്കാതിരുന്നാൽ അതിന്റെ അർഥം ശരിയായ രൂപത്തിൽ സംയോജനം നടക്കുന്നില്ലെന്നും സ്വന്തം വിശ്വാസത്തിന്റെ ശരിയായ കടമ നിർവഹിക്കുന്നില്ലെന്നുമാണ്. കാരണം, ഇതും നമ്മളോട് നമ്മുടെ നബി(സ)തിരുമേനി പറഞ്ഞതാണ്:'സ്വന്തം നാടിനോടുള്ള സ്നേഹം നിങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണ്.' ഇക്കാര്യങ്ങളെല്ലാം അഹ്മദികളുടെ ഭാഗത്തുനിന്നുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അപ്പോൾമാത്രമേ ഇക്കാഴ്ചകൾ കാണാൻകഴിയുകയുള്ളൂ.

അദ്ദേഹം പറഞ്ഞ ഒരു കാര്യം എനിക്കിഷ്ടമായി. നമുക്ക് പരസ്പരമുള്ള വികാരങ്ങളെക്കുറിച്ചുള്ള തോന്നലുണ്ടാകണം. ഇക്കാര്യമാണ് വരുന്നവഴിയിൽ നടന്ന ശിലാസ്ഥാപന കർമ പരിപാടിയിലും ഞാൻ സൂചിപ്പിച്ചത്. നമ്മൾ പരസ്പരം വികാരങ്ങളെ മാനിക്കുന്നവരാണെങ്കിൽ, ആ വിചാരമുള്ളവരാണെങ്കിൽ മാത്രമേ യഥാർഥ രൂപത്തിൽ പരസ്പരം സ്നേഹാദരവോടെ കഴിയാൻ സാധിക്കുകയുള്ളൂ. സുന്ദരമായൊരു സമൂഹം അപ്പോൾ മാത്രമേ ജന്മമെടുക്കുകയുള്ളൂ. മതം വരുന്നതും പരസ്പരം സ്നേഹാദരവ് സൃഷ്ടിക്കാൻ തന്നെയാണ്. മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിങ്ങളുടെ ഹൃദയവുമായാണ് ബന്ധപ്പെട്ടു കിടക്കുന്നതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. താനിഷ്ടപ്പെടുന്ന മതം സ്വീകരിക്കുക. എന്നാൽ, മാനുഷികമായ മൂല്യങ്ങളെന്നും തന്റെ മുന്നിൽ വെക്കേണ്ടതുമാണ്. പരസ്പരമുള്ള വികാരങ്ങളേയും വിചാരങ്ങളേയും കുറിച്ചുള്ള ചിന്ത ഉണ്ടാവുക. ഇപ്രകാരം ചെയ്യാതിരുന്നാൽ നിങ്ങൾ നല്ല മനുഷ്യരല്ല. നല്ല മനുഷ്യരല്ലെങ്കിൽപ്പിന്നെ ഉന്നതനായ ദൈവത്തിനോടുള്ള കടമയും നിർവഹിക്കാൻ സാധിക്കുകയില്ല. അദ്ദേഹം എനിക്കു നല്കിയ ഉപഹാരത്തിനും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

എം.പി സാഹിബും ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഭിന്നതകളെ കുറിച്ചൊരു കാര്യം പറഞ്ഞിരുന്നു. അദ്ദേഹം ഇവിടുത്തെ ഭിന്നിപ്പിന്റെ ചരിത്രവും വിവരിച്ചു. രണ്ടു വിഭാഗങ്ങൾ ഒരു ചർച്ചിൽ ഒരുമിച്ച് തങ്ങളുടേതായ പ്രാർഥന നിർവഹിക്കുന്ന കാര്യത്തെ കുറിച്ചും പറഞ്ഞു. ഇതൊരു വളരെ നല്ല ഗുണമാണ്. ഞാൻ മുമ്പേയും സൂചിപ്പിച്ച ഇക്കാര്യം തന്നെയാണ് യഥാർഥ കാര്യം. പരസ്പരമുള്ള വികാരങ്ങളേയും ചിന്തകളേയും കുറിച്ച് വിചാരമുണ്ടാകുകയും നമ്മെ സൃഷ്ടിച്ച ഏകദൈവത്തെ ആരാധിക്കാൻ നിർമിക്കപ്പെടുന്ന ആരാധനാലയങ്ങളും പരസ്പരം ഉപയോഗിക്കാൻ നൽകാവുന്നതാണ്. ഒരുമിച്ച് എല്ലാവർക്കും അതിൽ ആരാധിക്കാവുന്നതാണ്. ഓരോ മതവും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അധ്യാപനമാണ് കൊണ്ടുവന്നത്. എന്നാൽ, പ്രസ്തുത മതങ്ങളെ വഴികേടിലേക്ക് കൊണ്ടു പോയി. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപകർ ഇക്കാര്യംതന്നെയാണ് നമ്മളോടു പറഞ്ഞത്. മതങ്ങൾ വികലമായി കഴിഞ്ഞിരിക്കുന്നു. അതിന് വീണ്ടും സ്നേഹത്തിന്റേയും അനുകമ്പയുടേയും അധ്യാപനം നൽകാനാണ് ഞാൻ വന്നിരിക്കുന്നത്. കൂടാതെ വിശ്വസിക്കുന്നവരോട് ആ മഹാത്മാവ് പറഞ്ഞു:എന്നിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയുടേയും കടമയാണ് ഈ സ്നേഹാനുകമ്പയുടെ അധ്യാപനത്തേയും മാനുഷിക മൂല്യങ്ങളേയും സ്ഥാപിക്കുകയെന്നത്. അപ്പോൾ മാത്രമേ ദൈവത്തെ ആരാധിക്കുന്നതിന്റെ കടമ നിർവഹിക്കാൻ സാധിക്കുകയുള്ളൂ. മസ്ജിദുകളോടുള്ള നിങ്ങളുടെ കടമയും നിങ്ങൾക്ക് നിർവഹിക്കാൻ സാധിക്കുകയുള്ളൂ.

ഇന്ന് ലോകത്തിന് സമാധാനം ആവശ്യമാണ്. ലോകത്ത് വൻ കുഴപ്പങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മിഡിൽ ഈസ്റ്റിലോ ചില അറബ് രാജ്യങ്ങളിലോ കിഴക്കൻ യൂറോപ്പിലോ മാത്രം കുഴപ്പമെന്ന് പറയാൻ സാധിക്കാത്തവിധം അത് വ്യാപിച്ചിരിക്കുന്നു. കുഴപ്പങ്ങൾഅൽപാൽപമായാണ് ഉണ്ടാകുന്നത്. അത് വർധിച്ച് വർധിച്ച് ലോകത്തെ അതിന്റെ പിടിത്തത്തിൽ കൊണ്ടുവരുന്നു. ഇക്കാഴ്ചയാണ് നമുക്ക് പുരാതന യുദ്ധങ്ങളുടെ ചരിത്രത്തിൽ ദൃശ്യമാകുന്നത്. അതുകൊണ്ട് നമ്മളിൽനിന്ന് ഓരോരുത്തരും ലോകത്ത് വ്യാപിക്കുന്ന കുഴപ്പങ്ങൾ തടുക്കാൻ പരിശ്രമിക്കേണ്ടതാണ്. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം ലോകത്ത് വ്യാപിപ്പിക്കേണ്ടതാണ്. തന്റെ പ്രവർത്തനങ്ങളിലൂടെ പരസ്പരം സഹായിക്കാൻ ശ്രമിക്കേണ്ടതാണ്. അതുമുഖേന നമ്മൾ പരസ്പരം സംരക്ഷിക്കുന്നവരാകുന്നതാണ്. നമ്മുടെ അശ്രദ്ധ കാരണത്താൽ ഭാവി തലമുറകൾ യുദ്ധത്തിലേക്ക് തള്ളപ്പെടുകയാണെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾ തലമുറ തലമുറകളായി കാണപ്പെടുന്നതായിരിക്കും. നമ്മളെ അവർ ആക്ഷേപങ്ങൾക്ക് കുറിമാനമാക്കിക്കൊണ്ടിരിക്കും. അതുകൊണ്ട് നമുക്കിന്ന് സ്നേഹം വ്യാപിപ്പിക്കേണ്ട ആവശ്യമുണ്ട്. അതിനുവേണ്ടി മുമ്പേയുള്ളതിനെക്കാൾ കൂടുതൽ നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിനുവേണ്ടി ശ്രമിക്കാൻ അവസരം നല്കി തുണയ്ക്കുമാറാകട്ടെ.

അഹ്മദികളുടെ ശ്രദ്ധ ഞാൻ സമയാസമയങ്ങളിൽ ക്ഷണിച്ചു കൊണ്ടിരിക്കുന്നു. പ്രത്യേമായ നിലയിൽ വീണ്ടും ഞാൻ അഹ്മദികളോട് പറയുന്നു:ഈ മസ്ജിദ് നിർമിക്കപെട്ടതിനുശേഷം ഇപ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ ജനശ്രദ്ധ നിങ്ങളിലുണ്ടാകും. അതുകൊണ്ട് മുമ്പേയുള്ളതിനെക്കാളുപരി പരസ്പരം സ്നേഹവികാരം പ്രകടിപ്പിക്കുക. അല്ലാഹുവിനോടുള്ള ആരാധനയുടെ കടമയും നിർ വഹിക്കുക, മസ്ജിദ് നിർമാണത്തിനുശേഷം സ്വന്തം ചുറ്റുപാടിനോടുള്ള കടമകളും നിറവേറ്റുക. മാനവർക്ക് സേവനങ്ങളും ചെയ്യുക. മുമ്പേയുള്ളതിനെക്കാൾ കൂടുതൽ സ്നേഹാനുകമ്പയുടെ സന്ദേശം ഈ പട്ടണത്തിലും അയൽവാസികളിലും അനുസ്യൂതം പരത്തുക. അല്ലാഹു നിങ്ങൾക്ക് അതിന് അവസരം ഒരുക്കുമാറാകട്ടെ. ആമീൻ!

ഹുദൂറിന്റെ ഈ പ്രഭാഷണം 07.35 വരെ നീണ്ടുനിന്നു. ഒടുവിൽ ഹുദൂർ ദുആ ചെയ്യിച്ചു.

**എൻ.ഡി.ആർ റേഡിയോ അഭിമുഖം**

ഡിന്നറിനുശേഷം എൻ.ഡി.ആർ റേഡിയോ പ്രതിനിധി ഹുദൂറുമായി അഭിമുഖം നടത്തി.

**റേഡിയോ പ്രതിനിധി**:മതപരമായ സഹവർത്തിത്വത്തേയും ക്ഷമയേയും കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ അങ്ങ് വിവരിച്ചു. സഊദി അറേബ്യയും ലോകത്തുള്ള ഇതര മുസ്‌ലിമീങ്ങളും എന്തുകൊണ്ടാണ് ഇതനുസരിച്ച് പ്രവർത്തിക്കാത്തത്?

**ഹുദൂർ അൻവർ**:ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളെ യഥാർഥമായ നിലയിൽ സമർപ്പിക്കുക എന്ന ദൗത്യം മാത്രമാണ് എന്റേത്. ആരുടെമേലും നിർബന്ധം ചെലുത്താൻ എ

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

താലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

താലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

നിക്ക് സാധിക്കില്ല. നമ്മുടെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിന്റെ സുന്ദരവും യഥാർഥവുമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ അവരോടു നിരന്തരം ഞാൻ പറയാറുണ്ട്. ഞാൻ എവിടെ പോയാലും എന്തെങ്കിലും സംസാരിക്കാൻ അവസരം എവിടെ ലഭിച്ചാലും ഞാനവരോട് ഇക്കാര്യമാണ് പറയാറുള്ളത്. നിർബന്ധിച്ച് ചെയ്യിക്കാൻ എനിക്ക് കഴിയില്ല. എങ്കിലും എല്ലാ സ്ഥലത്തും ഇസ്‌ലാമിന്റെ നാമത്തെ അപമാനിക്കരുതെന്ന സന്ദേശം ഞാൻ നൽകുന്നുണ്ട്. ഒരവസരത്തിൽ ഞാനവരോട് നേരിട്ട് ഇസ്‌ലാമിന്റെ നാമത്തെ അപമാനത്തിന് പാത്രമാക്കരുതെന്ന് പറഞ്ഞിരുന്നു. ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. ദൈവത്തെ ഓർത്ത് സ്വന്തം മതത്തിനുവേണ്ടി സ്വാർഥ താൽപര്യങ്ങൾ നേടുന്നതിനു പകരം യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുക.

**റേഡിയോ പ്രതിനിധി**: ജർമനിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഭാവി എങ്ങനെയായിരിക്കുമെന്നാണ് അങ്ങ് വിചാരിക്കുന്നത്?

**ഹുദൂർ അൻവർ**:ഇവിടെ ജർമനിയിൽ ജമാഅത്ത് വളരെ സക്രിയമാണ്. യുവസമൂഹം വിദ്യാസമ്പന്നരാണ്. സ്കൂളുകളിൽ വിദ്യ നേടുന്ന നമ്മുടെ കുട്ടികളിൽ തികവുറ്റ ബുദ്ധികൂർമതയുള്ളവരും കഴിവുറ്റവരുമായ വിദ്യാർഥികളുണ്ട്. യുവാക്കളിലെ വലിയൊരു വിഭാഗം യൂണിവേഴ്സിറ്റികളിൽനിന്ന് ഗ്രാജ്വേഷനും മാസ്റ്റേഴ്സും നേടുന്നു. ചിലർ പി എച്ച് ഡീയും റിസർച്ചും ചെയ്യുന്നുണ്ട്. നമ്മുടെ യുവാക്കളോട് എനിക്ക് പറയാനുള്ളത് ഭൗതിക വിദ്യാഭ്യാസത്തിൽ അവഗാഹം നേടുന്നതോടൊപ്പം തന്റെ അടിസ്ഥാന കടമയായ സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയലും അവന്റെ അധ്യാപനങ്ങളും കൽപനകളുമനുസരിച്ച് പ്രവർത്തിക്കലും മറന്നുപോകരുത്.

അതുകഴിഞ്ഞ് ഹുദൂർ അൻവർ കുറച്ചു നേരം ലജ്നയുടെ പന്തലിലേക്ക് പോയി. സ്ത്രീകൾക്ക് ഹുദൂറിനെ കാണാൻ ഇങ്ങനെ അവസരമൊരുങ്ങി. പെൺകുട്ടികൾ പ്രാർഥനാഗീതങ്ങൾ ആലപിച്ചു. തങ്ങളുടെ പ്രിയ ഇമാമിന് സ്വാഗതമോതി. ഹുദൂർ അൻവർ പെൺകുട്ടികൾക്ക് ചോക്ലേറ്റ് നല്കി. ലജ്നാ പന്തലിൽനിന്ന് ഹുദൂർ പുറത്തു വന്നതും ആൺകുട്ടികൾ വരിയിൽനിന്നു കഴിഞ്ഞിരുന്നു. ഹുദൂർ അവർക്കും വാത്സല്യത്തോടെ ചോക്ലേറ്റ് നല്കി.

പിന്നീട് ഹുദൂർ മസ്ജിദിൽ പോയി. പ്രാദേശിക ഭാരവാഹികളും ശ്രമദാനം നടത്തിയ ഖുദ്ദാം, അൻസ്വാർ സഹോദരങ്ങളും ജർമൻ അതിഥികളും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കി.

പിന്നീട് മസ്ജിദിനു പുറത്തുവന്ന ഹുദൂർ അൻവർ അവിടെ നടന്ന പരിപാടിയിൽ ഹാജരായിരുന്ന എല്ലാവർക്കും ഹസ്തദാനം ചെയ്തു.

**ഓസ്നാ ബ്രൂക്കിലേക്കുളള യാത്ര**

ഇന്ന് ഹുദൂർ പ്രോഗ്രാമനുസരിച്ച് ഓസ്നാബ്രൂക്കിലേക്ക് പുറപ്പെടുന്ന ദിവസമായിരുന്നു. 08.45ന് ഹുദൂർ ഇജ്തിമായി ദുആക്ക് നേതൃത്വം നല്കി. യാത്രാസംഘം ഓസ്നാ ബ്രൂക്കിലേക്ക് പുറപ്പെട്ടു. വെച്ച്ട്ടപട്ടണത്തിൽ നിന്ന് ഓസ്നാബ്രൂക്കിലേക്ക് 60 കിലോമീറ്റർ ദൂരമുണ്ട്. ഏകദേശം 45 മിനിറ്റ് യാത്രക്കു ശേഷം 09.30-ന് മസ്ജിദ് ബശാറത്തിലെത്തി. ഓസ്നാ ബ്രൂക്ക് തദ്ദേശ ജമാഅത്തംഗങ്ങളായ സ്ത്രീ പുരുഷന്മാരും യുവാക്കളും വയോധികരും ആൺകുട്ടികളും പെൺകുട്ടികളും വളരെ സ്നേഹത്തോടെ തങ്ങളുടെ നേതാവിനെ വരവേറ്റു. പുരുഷന്മാർ മുദ്രാവാക്യങ്ങൾകൊണ്ട് അന്തരീക്ഷത്തെ മുഖരിതമാക്കി. പ്രാർഥനാ ഗാനങ്ങളാലും സ്വാഗത ഗീതങ്ങളാലും ആൺകുട്ടികളും പെൺകുട്ടികളും ഹുദൂറിനെ സ്വീകരിക്കാൻ സജ്ജരായിരുന്നു. ഹുദൂർ വാഹനത്തിൽനിന്ന് പുറത്തുവന്നതും റീജ്യണൽ അമീർ ഇസ്തിയാഖ് അഹ്മദ് സാഹിബും തദ്ദേശ ജമാഅത്ത് സ്വദ്ർ റാണാ ഹഫീള് അഹ്മദ് സാഹിബും റീജ്യണൽ മുബല്ലിഗ് മുസ്തൻസ്വർ അഹ്മദ് സാഹിബും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഹുദൂറിന്റെ ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു.

ഹുദൂർ കൈയുയർത്തി എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞു. മിഷൻ ഹൗസിലെ താമസ ഏരിയയിൽ പോയി.

10.00 മണിക്ക് മസ്ജിദ് ബശാറത്തിൽ മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ ജംഅ് ജമാഅത്താക്കി നമസ്കരിപ്പിച്ചു. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി.

ഓസ്നാബ്രൂക്കിലെ മസ്ജിദ്ബശാറത്ത് ജർമനിയിലെ 100 മസ്ജിദ് നിർമാണ പ്രൊജക്റ്റിൽ നിർമിക്കപ്പെട്ട ആദ്യ മസ്ജിദുകളിലൊന്നാണ്. അതിന്റെ ഉദ്ഘാടനം 2001-ലാണ് നടന്നത്. രണ്ട് മിനാരത്തോടുകൂടിയ ഈ മസ്ജിദ് വളരെ മനോഹര ദൃശ്യമാണ്. താമസിക്കാനുള്ള ഏരിയ കൂടാതെ തദ്ദേശ ജമാഅത്തിന്റെ ഓഫീസും ലൈബ്രറിയുമുണ്ട്. ജമാഅത്തിന്റെ അടുക്കളയും മറ്റു സൗകര്യങ്ങളും ഇതിലുണ്ട്.

2005 സെപ്റ്റംബർ 26 തിങ്കളാഴ്ച ജർമനിയിലെ കീലിൽനിന്ന് ഹോളണ്ടിലെ നൺസ്പീറ്റിലേക്ക് പോകുന്ന വഴിയിൽ സ്ഥിതിചെയ്യുന്ന മസ്ജിദ് ബശാറത്തിൽ കുറച്ചു സമയം ഹുദൂർ തങ്ങിയിരുന്നു. ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ഹുദൂറിന്റെ ഇമാമത്തിൽ ജംആക്കി നിർവഹിച്ചു.

2011 ഒക്ടോബർ 11 ചൊവ്വാഴ്ച ഹുദൂർ അൻവർ ജർമനിയിലെ ഹംബർഗിൽനിന്ന് നൺസ്പീറ്റിലേക്ക് പോകുന്ന യാത്രാമധ്യേ കുറച്ചു സമയം മസജിദ് ബശാറത്തിൽ തങ്ങിയിരുന്നു. ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ഹുദൂറിന്റെ ഇമാമത്തിൽ ജംആക്കി നിർവഹിച്ചു.

2012 സെപ്റ്റംബർ 04 ചൊവ്വാഴ്ച ബെൽജിയമിലെ ബ്രസൽസിൽനിന്ന് ഹംബർഗിലേക്ക് പോകുന്ന വഴിയിൽ മസ്ജിദ് ബശാറത്തിൽ കുറച്ചു സമയം ചെലവഴിച്ച ഹുദൂർ മഗ്‌രിബ്-ഇശാ സ്വുബ്ഹി നമസ്കാരങ്ങളൾക്ക് ഇമാമത്ത് വഹിക്കുകയുണ്ടായി.

2015 ജൂൺ 09 ചൊവ്വാഴ്ച ഫ്രാങ്ക്ഫർട്ടിൽനിന്നു ലണ്ടനിലേക്ക് മടങ്ങവെ നാലാമത്തെ പ്രാവശ്യം മസ്ജിദ് ബശാറത്തിൽ തങ്ങിയിരുന്നു. ഒരു രാത്രി ഹദൂർ ഇവിടെ ചെലവഴിച്ചു.

**ഹുദൂറിന്റെ പ്രഭാഷണംകേട്ട്**
**അതിഥികളുടെ പ്രതികരണങ്ങൾ**

ഹുദൂർ അൻവർ മസ്ജിദ് ബയ്ത്തുൽഖാദിറിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ചെയ്ത പ്രഭാഷണം അതിഥികളെ അഗാധമായി സ്വാധീനിച്ചു. ചില അതിഥികളുടെ പ്രതികരണങ്ങൾ ഇങ്ങനെയായിരുന്നു:

* ഒരതിഥി:ഖലീഫത്തുൽമസീഹിനെ പോലുള്ള മഹനീയവ്യക്തിത്വം ക്ഷമാപണത്തിലൂടെ നമ്മുടെ മനസ്സിനെ കീഴടക്കി. കേവലം അഹ്മദികളുടെ മാത്രം ഖലീഫയല്ല അദ്ദേഹം, നമ്മുടേയും ഖലീഫയാണ്. നമ്മളെല്ലാവരുടേയും ഖലീഫയാണ്.

* ഒരതിഥി:മറ്റുപ്രഭാഷകരുടെ പ്രസംഗങ്ങളെ പരാമർശിച്ചുകൊണ്ട് ഖലീഫത്തുൽമസീഹ് ഇസ്‌ലാമികാധ്യാപനം വിവരിക്കുകയും അവരുടെ വാക്കുകൾക്ക് കിരീടം അണിയിക്കുകയും ചെയ്തു.

* റോഡിന് ഇടതു ഭാഗത്ത് താമസിക്കുന്ന ഒരു അയൽവാസി സ്ത്രീ പറയുന്നു:മസ്ജിദ് നിർമാണത്തിനു മുമ്പേ എനിക്ക് ജമാഅത്തിനെ കുറിച്ച് അറിയില്ലായിരുന്നു. ഇസ്‌ലാമിന്റെ തികച്ചും ഒരു പുതിയമുഖം ഇന്ന് കാണാൻ സാധിക്കുന്ന വിധം എനിക്ക് ലഭിച്ച ആദ്യ അവസരമാണിത്. മുമ്പേയൊരിക്കലും ഇങ്ങനെയൊരു കാര്യം എനിക്കറിയില്ലായിരുന്നു. കാരണം എനിക്ക് നിങ്ങളെ അറിയില്ലായിരുന്നു എന്നതുതന്നെ.

നിങ്ങളുടെ ഖലീഫ ദൃഷ്ടിയിൽപെട്ടതും നമ്മുടെ സ്വന്തം വ്യക്തി എന്നപോലെ തോന്നി. ഹൃദയാകർഷണമുള്ള ഒരു വ്യക്തിത്വമാണ് അദ്ദേഹം. മനുഷ്യകുലത്തോടുള്ള അനുകമ്പ അദ്ദേഹത്തിൽ ദൃശ്യമായിരുന്നു. അപരിചതനായ ഒരു വ്യക്തിയെ പോലയല്ല അദ്ദേഹം സംസാരിച്ചത്. നമ്മളിൽപ്പെട്ട ഒരാളെന്ന പോലെയായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

* ഒരു പ്രായംചെന്ന ഒരാൾ പറയുന്നു:നമുക്ക് കുറച്ചു സമയം കാത്തിരിക്കേണ്ടി വന്നുവെന്നത് ശരിയാണ്. എന്നാൽ, നിങ്ങളുടെ ഖലീഫ നമ്മളോട് പ്രകടിപ്പിച്ച നന്ദിയും ക്ഷമാപണവും തികച്ചും സ്നേഹനിരഭരമായിരുന്നു. അപ്പോൾ കാത്തിരിപ്പെല്ലാം നമ്മൾ മറന്നുപോയി.

പോപ്പ് ഇത്തരത്തിലുള്ള പരിപാടിയിൽ താമസിച്ചു വന്നാൽ ഒരിക്കലും ക്ഷമാപണം നടത്തില്ല. ഒരുപക്ഷേ, ക്ഷമാപണം നടത്തേണ്ട ആവശ്യം തന്നെ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ, നേരേ മറിച്ച് ആദരണീയ വ്യക്തിത്വമായ ഹുദൂർ ക്ഷമാപണം നടത്തി. സുനിശ്ചിതമായും ഇത് അദ്ദേഹത്തിന്റെ മഹത്ത്വത്തിനുള്ള തെളിവാണ്. ഹുദൂറിന്റെ ക്ഷമാപണപദങ്ങൾ ശ്രവിച്ചതും ഞങ്ങളെല്ലാവരും സുസ്മേര വദനരായി.

* ഒരു റേഡിയോ പ്രതിനിധി പറയുന്നു:നിങ്ങളുടെ ഖലീഫയുടെ ആഗമനമുണ്ടായപ്പോൾ എന്റെ ശരീരമാകമാനം വിറയൽ അനുഭവപ്പെട്ടു. ഹുദൂറിൽനിന്ന് ഒരു വിസ്മയജനകമായ പ്രകാശം സ്ഫുരിച്ചിരുന്നു. ഹുദൂറിന്റെ ഭാഗത്തുനിന്നു സവിശേഷമായ പ്രകാശം കണ്ടു.

* ഒരു ജർമൻ സ്ത്രീ പറയുന്നു:ഹുദൂർ തന്റെ പ്രഭാഷണത്തിൽ ആഫ്രിക്കയെ കുറിച്ച് വിവരിച്ച കാര്യങ്ങൾ തികച്ചും സത്യമാണ്. ആഫ്രിക്കയിലെ ജലക്ഷാമത്തിന്റെ വേദനാജനകമായ സാഹചര്യം വിവരിക്കുന്നത് കേട്ടപ്പോൾ ഞാൻ വിറങ്ങലിച്ചുപോയിരുന്നു. ഇതേ പരിപാടിയിൽ എനിക്ക് കുടിക്കാൻ വെള്ളം നല്കപ്പെട്ടപ്പോൾ ആഫ്രിക്കയിലെ പാവങ്ങളുടെ അവസ്ഥയെക്കുറിച്ച് ഹുദൂർ പറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിൽ തെളിഞ്ഞു വന്ന കാരണത്താൽ വെള്ളം കുടിക്കാൻ എനിക്ക് വളരെ പ്രയാസമുണ്ടായി.

* ഒരു സ്കൂൾ ഹെഡ് മിസ്ട്രസ് പറയുന്നു:ഞാൻ പോപ്പിനേയും കാണാൻ പോയിരുന്നു. എന്നാൽ, ഖലീഫയെ ദർശിച്ച ഇന്നത്തെ ദിവസം എന്റെ ജീവിതത്തിലെ മഹോന്നതവും സുപ്രധാനവുമായ ദിനമാണ്. ഖലീഫ എന്റെ ഹൃത്തിടം ജയിച്ചടക്കി.

ഹുദൂർ സ്ത്രീകളുടെ പന്തലിൽ പോയപ്പോൾ ഹെഡ്മിസ്ട്രസും ഹുദൂറിനെ കാണാൻ അവിടെ വന്നിരുന്നു. ഈ അവസരത്തിൽ അനഹ്മദികളായ മറ്റു ജർമൻ സ്ത്രീകളും ഹുദൂറിനെ കാണാൻ പന്തലിൽ ഓടിപ്പോയിരുന്നു. അവരിൽപ്പെട്ട ചില സ്ത്രീകളുടെ കണ്ണുകളിൽ ആനന്ദത്തിന്റേയും സന്തോഷ വികാരത്തിന്റേയും കണ്ണീർ നിറഞ്ഞിരുന്നു.

* നമ്മുടെ മസ്ജിദിന് അനുമതി നല്കിയ വെച്ച്ട്ട പട്ടണത്തിൽ കെട്ടിട നിർമാണത്തിന് അനുവാദം നല്കുന്ന ഭരണവിഭാഗം ഇൻചാർജും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു:നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വിസ്മയജനകമായിരുന്നു. സമാധാന ദൂതും വിശിഷ്യാ രാജ്യത്തോടുള്ള കൂറിനെ കുറിച്ചും രാജ്യപുരോഗതിക്കുവേണ്ടി ആവേശത്തോടെ പങ്കുചേരലിനെ കുറിച്ചും വർണ വർഗ വിവേചനമൊന്നും കൂടാതെ മനുഷ്യകു

ലത്തിന് സേവനം ചെയ്യലും മറ്റും സൂചിപ്പിച്ച ഹുദൂറിന്റെ വാക്കുകൾ മഹോന്നതമായിരുന്നു. എനിക്ക് സന്തോഷം മാത്രമല്ല ഇത് നല്കിയത്, പ്രത്യുത, മറ്റൊരു നാട്ടിലെ വ്യക്തി വേറൊരു രാജ്യത്തിനു വണ്ടി ഉന്നതമായ ഇത്തരം വിചാരങ്ങൾ വെച്ചുപുലർത്തുക എന്നത് എന്നെ വിസ്മയിപ്പിച്ചു.

* വെച്ട്ട ജമാഅത്ത് സ്വദർ സാഹിബ് പറയുന്നു:നമ്മുടെ ജമാഅത്തിലെ ഒരു സ്നേഹിതൻ ഈ പരിപാടിയിൽ പങ്കെടുത്ത ഒരതിഥിക്ക് അടുത്തദിവസം മധുരം നൽകാൻ പോയപ്പോൾ പ്രസ്തുത ദമ്പതികൾ പറഞ്ഞു:പരിപാടിക്കുശേഷം ഞങ്ങൾ വീട്ടിലേക്ക് മടങ്ങിയെങ്കിലും രാത്രി വളരെ നേരം വരെ ഞങ്ങളുടെ മുമ്പിൽ ഖലീഫയുടെ മുഖകമലം നിരന്തരം ദൃശ്യമായിരുന്നു.

* മസ്ജിദ് ബയ്ത്തുൽ ഖാദിറിന്റെ സ്കെച്ച് തയ്യാറാക്കിയ ആർക്കിടെക്റ്റ് പറയുന്നു:സമയം തികച്ചും തിരിച്ചറിയാത്ത വിധം ഞാൻ ഈ പരിപാടിയിൽ മുഴുകിപ്പോയി. വളരെ താൽപര്യമുള്ള ഒരു ഫിലിം കാണുന്ന വികാരമായിരുന്നു എനിക്ക്. ഹുദൂർ അൻവറിന്റെ പ്രഭാഷണം എന്നിൽ അഗാധമായ സ്വാധീനമു ണ്ടാക്കി.

വെച്ട്ട പട്ടണത്തിലാരെങ്കിലും നിങ്ങളെ പ്രയാസപ്പെടുത്തിയാൽ എന്നെ അക്കാര്യം തീർച്ചയായും അറിയിക്കണം. ഞാൻ നിങ്ങളെ സഹായിക്കും.

* ഒരു ഫലോസഫി അധ്യാപകൻപറയുന്നു: ഈ മസ്ജിദ് നിർമാണത്തിന് ഉപയോഗിച്ച കല്ലിനെ ഉപമിച്ചുകൊണ്ട് ഹുദൂർ നല്കിയ ഉപദേശത്തിൽ നിങ്ങളുടെ ഹൃത്തിടം കല്ലാകരുതെന്നും നദികൾ പൊട്ടിയൊഴുകുന്ന ഹൃദയമാകണമെന്നും പറഞ്ഞിരുന്നു. ഇതെനിക്ക് വളരെ ഇഷ്ടമായി.

നമ്മുടെ ചില അഹ്മദി വിദ്യാർഥികൾ അദ്ദേഹത്തിന്റെ ശിഷ്യരാണ്. അവർ പറയുന്നു:അടുത്ത ദിവസം ക്ലാസിൽ ഏകദേശം അഞ്ചു മിനിറ്റോളം അദ്ദേഹം എല്ലാ വിദ്യാർഥികൾക്കും മസ്ജിദിന്റെ ഉദ്ഘാടന ചടങ്ങിനെ കുറിച്ച് വിവരിച്ചു. ജമാഅത്തിനെ പ്രശംസിക്കുകയുംചെയ്തു.

പരിപാടിക്കുശേഷം ഹുദൂറിനോടൊപ്പമുള്ള ജമാഅത്തംഗങ്ങളുടെ ഫോട്ടോ എടുക്കൽ സെഷനിൽ ഹുദൂറിനോട് അദ്ദേഹം ഫോട്ടോ എടുക്കണമെന്ന് അപേക്ഷിച്ചു. പ്രസ്തുത ജർമൻ മിത്രങ്ങളുടെ മുഖത്തുനിന്ന് സ്നേഹവും വിശ്വാസവും ദൃശ്യമായിരുന്നു. ഏഴോ എട്ടോ ജർമൻ അതിഥികൾ ഈ ഫോട്ടോ സെഷനിൽ പങ്കുകൊണ്ടു. ഡെപ്യൂട്ടി മേയർ, ഒരു ഡോക്ടർ, മറ്റു ചില ഉന്നത ഉദ്യോഗസ്ഥരും ഇതിൽ പങ്കു കൊണ്ടു.

പരിപാടിയിൽ പങ്കുടുത്ത നിരവധി അതിഥികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിച്ചത് സൗഭാഗ്യമാണെന്ന് അവർ പറഞ്ഞു. സമാധാനത്തിന്റെ അമ്പാസഡറാണ് ഹുദൂർ എന്നതില് ഒരു സംശയവുമില്ലെന്നും വളരെ ഗാംഭീര്യമുള്ള മനുഷ്യനാണെന്നും അവർ തുറന്നു പറഞ്ഞു. മനുഷ്യത്വത്തോടു വളരെ അടുത്തു നില്ക്കുന്ന വ്യക്തിയും ആഴത്തിൽ ബന്ധം പുലർത്തുന്ന ദേഹവുമാണ് ഹുദൂർ എന്നും അവർ തുടർന്ന് പറഞ്ഞു. ഹുദൂറിന്റെ പ്രഭാഷണത്തിന് സീമാതീതമായ പിന്തുണയാണ് ലഭിച്ചത്. ലോകത്ത് നിലനില്ക്കുന്ന പ്രശ്നങ്ങളെ വളരെ ആഴത്തിൽ വീക്ഷിക്കുകയും ഹുദൂർ അതിന്റെ പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു എന്നതിന് ഒരു സംശയവുമില്ല.

ലോക്കൽ ജമാഅത്ത് സ്വദർ സാഹിബ് പറയുന്നു: ഈ പരിപാടിക്ക് മുമ്പേ ഞങ്ങൾ പ്രാദേശിക പത്രങ്ങളുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ, ഇത്രയധികം നല്ല കവറേജ് ലഭിക്കുമെന്ന പ്രതീക്ഷ ഞങ്ങൾക്കില്ലായിരുന്നു. അല്ലാഹുതആലാ കാലത്തിന്റെ ഖലീഫയുടെ അനുഗൃഹീത സാന്നിധ്യം കാരണത്താൽ ഒരു കാറ്റ് ചലിപ്പിച്ചു. പരിപാടിയുടെ അവസരത്തിൽ ഞങ്ങളുടെ പ്രതീക്ഷക്ക് വിരുദ്ധമായി പ്രിന്റ് ഇലക്ട്രോണിക് മീഡിയക്കാരെത്തി. ജർമനിയിലെ ഏറ്റവും വലിയ ടീ.വി ചാനൽ സാറ്റ്1 ആണ്. അവർ വരുമെന്ന കാര്യത്തിൽ ഒരു പ്രതീക്ഷയുമില്ലായിരുന്നു. എന്നാൽ, അവരുടെ പ്രതിനിധി വന്നു. ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ടീ.വിയിൽ വാർത്ത സംപ്രേഷണം ചെയ്തു. സംസ്ഥാനത്തെ എൻ ടീ ആർ റേഡിയോ ചാനലും ഈ വാർത്ത നല്കി. നിരന്തരം മറ്റു റേഡിയോയിലും ഇതിന്റെ പരസ്യം നല്കി. വിവിധ പത്രങ്ങൾ ഈ മസ്ജിദ് നിർമാണവുമായി ബന്ധപ്പെട്ട വാർത്തയും ലേഖനങ്ങളും നല്കി. ഹുദൂറിന്റെ പ്രഭാഷണത്തിന്റെ ചില ഭാഗങ്ങൾ വളരെ ശ്ലാഘനീയമായ നിലയിൽ നല്കപ്പെട്ടു. ലക്ഷക്കണക്കിന് വ്യക്തികളിൽ ഇപ്രകാരം ജമാഅത്തിന്റെ സന്ദേശമെത്തി.

വെച്ട്ട ബയ്ത്തുൽ ഖാദിർ മസ്ജിദിന്റെ ഉദ്ഘാടനവും

**ഇസർലോൺ ദാറുസ്സലാം മസ്ജിദിന്റെ ശിലാസ്ഥാപന കർമവും അതുമായി ബന്ധപ്പെട്ട പരിപാടികളുടെ മീഡിയാ കവറേജും.**

* ഓൾഡൻ ബർഗിഷെ വോക്സൈതുംഗ് പത്രത്തിൽ മസ്ജിദ് ബയ്ത്തുല് ഖാദിറിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ടു ഇങ്ങനെ വാർത്ത നല്കി:

വെച്ട്ടയിൽ ഖലീഫ പുതിയ മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ആഘോഷം കൊണ്ടാടുന്നു.

നേതാവിന്റെ പ്രഭാഷണം ആഗോളാടിസ്ഥാനത്തിൽ തൽസമയ സംപ്രേഷണം ചെയ്യുന്നു. ഈ ഇസ്ലാമിക വിഭാഗം ഒരു ടെലിവിഷൻ ചാനൽ നടത്തുന്നുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമാണച്ചെലവ് ചാരിറ്റികൾ മുഖേനയാണ് നടന്നിട്ടുള്ളത്.

വെച്ട്ട, പുതിയ കെട്ടിടത്തിന്റെ ഓഫീസിൽ അനാച്ഛാദനം ചെയ്യപ്പെടാനിരിക്കുന്ന ഫലകത്തിൽ ഇപ്രകാരം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*മസ്ജിദ് ബയ്ത്തുൽ ഖാദിർ*
*സർവശക്തന്റെ ഭവനമെന്നാണ് അർഥം*

അഹ്മദിയ്യാ മുസ്ലിം ജമാഅത്തംഗങ്ങൾ ഈ ഫലകം പുറം ഭിത്തിയിൽ സ്ഥാപിക്കുന്നതാണ്. അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് മസ്ജിദിന്റെ ഉദ്ഘാടനം നിർവഹിക്കും. 2011 ഒക്ടോബറിൽ അദ്ദേഹം തന്നെയാണ് ഈ മസ്ജിദിന്റെ ശിലാസ്ഥാപനം നിർവഹിച്ചത്.

ഈ മസ്ജിദിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ 65 ചതുരശ്രമീറ്റർ വലുപ്പത്തിൽ രണ്ടു ഹാൾ നമസ്കാരത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ രണ്ട് ഓഫീസുകളും അറ്റാച്ച്ഡ് ടോയിലെറ്റോടുകൂടിയ 2 ശുചിമുറിയും ലൈബ്രറി ഉൾപ്പെടെ വിവിധ ഉദ്ദേശ്യങ്ങൾക്കായുള്ള രണ്ടു ഹാളുമുണ്ട്.

2015 ജൂൺ 09ന് ഈ പത്രം ബയ്ത്തുൽ ഖാദിറിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഇപ്രകാരം വാർത്ത നല്കി:

വെച്ട്ടയിലെ അഹ്മദീ മുസ്ലിമീങ്ങൾക്ക് ഇന്ന് ഒരു മഹനീയ ദിനമാണ്. ആഗോള തലത്തിൽ വ്യാപിച്ചു കിടക്കുന്ന ഈ മുസ്ലിം വിഭാഗം ജില്ലയുടെ തലസ്ഥാന നഗരിയിൽ ഒരു പുതിയ മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു. വെച്ട്ടയിൽ താമസിക്കുന്ന 154 അഹ്മദികളുടെ പ്രസിഡന്റായ നസീർ ബട്ട് ഈയവസരത്തിൽ രാഷ്ട്രീയ നേതാക്കന്മാർക്കും, മറ്റുള്ള അതിഥികൾക്ക് സ്വാഗതമോതി. വളരെ പെട്ടെന്നാണ് മസ്ജിദ് ഉദ്ഘാടന പരിപാടി തീരുമാനിച്ചതെന്ന് അദ്ദേഹം പറഞ്ഞു.2015 ജൂൺ 10-ന് ബയ്ത്തുൽ ഖാദിർ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പത്രങ്ങൾ വാർത്തൾ കൊടുത്തിരുന്നു. ചില തിങ്ങനെ:

**ഖലീഫ സാഹിബ് വെച്ട്ടയിൽ മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു.**

'അഹ്മദീ മുസ്ലിമീങ്ങൾ തങ്ങളുടെ നേതാവും 150-ലേറെ അതിഥികളും പങ്കെടുത്ത ഉദ്ഘാടന പരിപാടി സംഘടിപ്പിച്ചു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോളനേതാവ് ഇന്നലെ വൈകുന്നേരം വെച്ട്ടയിൽ പുതിയ മസ്ജിദിന്റെ ഉദ്ഘാടന കർമം നിർവഹിച്ചു. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ജമാഅത്തംഗങ്ങളോട് മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഇനി സാമൂഹിക പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ശ്രദ്ധ ക്ഷണിച്ചു. വിവിധ തുറകളിൽ നിന്നുവന്ന നൂറ്റമ്പതോളം അതിഥികളുടെ മുമ്പിൽ സ്നേഹത്തെ വ്യാപിപ്പിക്കാനും ഇതര മതങ്ങളോടു സാഹോദര്യത്തോടെ പെരുമാറാനും തന്റെ അനുയായികളോടു അദ്ദേഹം പറഞ്ഞു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അഭിപ്രായത്തിൽ മില്യൺകണക്കിന് അഹ്മദികളാണ് ലോകത്തുള്ളത്. വെച്ട്ടയിൽ അവരുടെ അംഗസംഖ്യ 154 ആണ്.'

ഹുദൂറിന്റെ ഫോട്ടോയും വാർത്തയോടൊപ്പം പ്രസിദ്ധീകരിച്ചു. അതിൽ നഗരത്തിന്റെ മേയർ ക്ലൗസ് ഡാലിഗൌസ് ഹുദൂറിന്റെ തിരുസന്നിധിയിൽ ഒരു ഉപഹാരവും സമർപ്പിച്ചു.

മതങ്ങൾക്കിടയിൽ സാഹോദര്യത്തോടെ പെരുമാറുക. അഹ്മദിയ്യ ഖലീഫ. എന്ന തലക്കെട്ടോടെ വിശദമായ മറ്റൊരു വാർത്തയും അവർ നല്കി.

**• കലാമുൽ ഇമാം: •**

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

താലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

badarmalayalam@gmail.com

POSTAL REG NO GDP-44/2023-2025 Vol-8 Thursday 28 September 2023 Issue-39

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് മുസ്‌ലിമീങ്ങളെ ഉദ്ഗ്രഥനത്തിലേക്ക് ശ്രദ്ധ ക്ഷമിച്ചു. 150-ലേറെ പ്രമുഖവ്യക്തികൾ വെച്ട്ട മസ്ജിദിന്റെ ഉദ്ഘാടനത്തിൽ പങ്കെടുക്കുന്നു. ഈ മസ്ജിദിന്റെ പേര് സർവശക്തനായ ദൈവത്തിന്റെ ഭവനമെന്നാണ്.

അഹ്മദിയ്യാ മുസ്‌ലിമീങ്ങൾ ഈ ദിവസം കാത്തിരിക്കുകയാണ്. മുദ്രാവാക്യങ്ങളോടെ അവർ മിർസാ മസ്റൂർ അഹ്മദിനെ സ്വീകരിക്കുന്നു. കുട്ടികൾ ഗാനാലാപനം നടത്തുന്നു. ഒപ്പം പതാകയും വീശുന്നു. ഖലീഫത്തുൽമസീഹ് മസ്ജിദിന്റെ പുറം ഭിത്തിയിൽ പതിച്ചിട്ടുള്ള ഫലകം അനാച്ഛാദനം ചെയ്യുന്നു. പ്രസ്തുത ഫലകത്തിൽ മസ്ജിദ് ബയ്ത്തുല് ഖാദിർ എന്ന് ആലേഖനം ചെയ്തിട്ടുണ്ട്. അതായത്, സർവശക്തന്റെ ഭവനം. ഖലീഫ നമസ്കരിക്കാൻ മസ്ജിദിൽ പോയി.

ഖലീഫത്തുൽമസീഹിന്റെ സാന്നിധ്യം ഈ മസ്ജിദിന്റെ ഉദ്ഘാടനത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു. രാഷ്ട്രീയ നേതാക്കളും ചർച്ചുമായി ബന്ധമുള്ളമുള്ളവരുമായി 150-ൽ അധികം അതിഥികൾ വന്നതിൽ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് വളരെ സന്തോഷവാനാണ്. അദ്ദേഹം പറഞ്ഞു:അഹ്മദികളല്ലാതിരുന്നിട്ടും നിങ്ങളെല്ലാവരും ഇവിടെ വരികയെന്നത് നിങ്ങളുടെ സഹിഷ്ണുതയാണ് വ്യക്തമാക്കുന്നത്. (തുടരും)

---

**(പേജ് 1 ൽനിന്ന്)**

ഈ കൽപന പ്രയോജനപ്പെടുത്തുന്നത് വിട്ടുകളഞ്ഞു. ഗവേഷണത്തിന്റേയും കണ്ടുപിടിത്തത്തിന്റേയും പ്രവൃത്തി അവഗണിച്ചുകളഞ്ഞു. വിശുദ്ധഖുർആനെ വിശ്വസിക്കുന്നവരല്ലാതിരുന്നിട്ടും യൂറോപ്യന്മാർ ഈ കൽപനയനുസരിച്ചു പ്രവർത്തിച്ചു.അറിവുകളിൽ എത്രമാത്രം അഭിവൃദ്ധിപ്രാപിച്ചുവെന്നാൽ മുഴുലോകത്തിനുമേലും വിജയംനേടി.

ലിനബ്ലുവഹും അയ്യുഹും അഹ്സനു അമലൻ ഇതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് ലോകത്തിലെ വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ജനങ്ങൾ അവയെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനാണ്. ലോകത്തിന്റെ അവസ്ഥ നന്നാക്കുന്നതിനുവേണ്ടിയാണ്. ഈ ഭാഗത്തെ സംബന്ധിച്ച് ക്രിസ്ത്യാനികളിൽനിന്ന് വീഴ്ചയുണ്ടായി. അവർ ലോകത്തെ രഹസ്യങ്ങൾ കണ്ടുപിടിച്ചു. എന്നാൽ, നല്ല മാതൃക കാഴ്ചവെച്ചില്ല. അതായത് ഈ ഗവേഷണത്തിന്റേയും സൂക്ഷ്മപരിശോധനയുടേയും ഫലമായി അവർ ലേകത്ത് അക്രമത്തിന്റേയും കുഴപ്പത്തിന്റേയും അടിത്തറയിട്ടു. മിക്കവാറും ഇതിലേക്കാണ് ഈ ആയത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്.(തഫ്സീറെ കബീർ, വാല്യം 4, പേജ് 390, പ്രസാധനം 2010 ഖാദിയാൻ)

---

**(പേജ് 8ൽനിന്ന്)**

രി നാസ്വിർ സാഹിബയുടെ ഭർത്താവായിരുന്നു. അവർ ദീർഘകാലം കറാച്ചി ലജ്ന ഇമാഇല്ലായുടെ സെക്രട്ടറി ഇശാഅത്തായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കുപുറമെ രണ്ടു ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. ഇദ്ദേഹത്തിന്റെ ഒരു ദൗഹിത്രൻ വഖാസ്സ് ഖുർശിദ് മുറബ്ബിയാണ്. ഒരു പവിത്രൻ കാനഡ ജാമിഅ അഹ്മദിയ്യായിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് മുഹമ്മദ് ശംസുദ്ദീൻ ഭാഗൽപൂരി സാഹിബ് എന്നായിരുന്നു. ഇവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് 1913-ൽ വന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)യുടെ ഭാര്യ ഹദ്റത്ത് സയ്യിദ സാറബീഗം സാഹിബയുടെ പിതാവ് മൗലവി അബ്ദുൽ മാജിദ് സാഹിബ് ഈ പ്രദേശത്ത് ഒരു ജൽസ സംടിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ വിവരിച്ചു. അദ്ദേഹത്തിന്റെ പിതാവ് അതിൽ വളരെ ആകർഷിതനായി. സ്റ്റേജിൽചെന്ന് കണ്ടു. സാഹിത്യങ്ങൾ നൽകപ്പെട്ടു. അതു വായിച്ചപ്പോൾ അഹ്മദിയ്യത്തിനോടു ആവേശമുണ്ടായി. അദ്ദേഹം ദുആയും ചെയ്തു. അല്ലാഹു ഒരു സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖകമലവും സുവാർത്ത അറിയിച്ചുകൊണ്ടുള്ളമറ്റു സ്വപ്നങ്ങളും കാണിച്ചു. അങ്ങനെ അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന് ബയ്അത്തുചെയ്തുകൊണ്ടുള്ള കത്തെഴുതി. അദ്ദേഹത്തിന് ബയ്അത്തു ചെയ്തു. ഇപ്രകാരം ഭാഗൽപൂരിലെ ആദ്യകാല അഹ്മദികളിൽചേർന്നു. കഠിനമായ എതിർപ്പുകാരണത്താൽ തന്റെ ഭാര്യയും മക്കളുമൊത്ത് ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽവന്നു. അവിടെ ആത്മാർഥതയിലും സ്നേഹത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കാർ ഡ്രൈവർ എന്ന നിലയിലും അദ്ദേഹത്തിന് ഖിദ്മത്ത് ചെയ്യാൻ തൗഫീഖ് കിട്ടി.

നാസ്വിർ ഖുറയ്ശി സാഹിബ് ഖാദിയാനിൽ ജനിച്ചു. വിഭജനത്തിനുശേഷം കറാച്ചിയിൽ താമസം തുടങ്ങി. ഇവിടെ വിദ്യ അഭ്യസിച്ചു. കഠിനാധ്വാനത്തോടും ശ്രദ്ധയോടും അനുയോജ്യമായ അവസ്ഥകൾ അല്ലാതിരുന്നിട്ടും പഠിച്ചുകൊണ്ടിരുന്നു. ബി.ഐ.ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ചെയ്തു. പന്നീട് ടെലിഫോൺവകുപ്പിൽ ജോലിചെയ്തു. ജനറൽ മാനേജർ സ്ഥാനംവരെ കയറ്റംകിട്ടി. ജോലിയിൽനിന്ന് റിട്ടയേർഡായി. കഠിനാധ്വാനിയും വിശ്വസ്തനായ ഓഫീസറും എന്ന ബഹുമതിയോടെയാണ് റിട്ടയേർഡ് മെന്റ് സ്വീകരിച്ചത്. അഹ്മദിയ്യ ജമാഅത്ത് കറാച്ചിയുടെ ഹൽഖ നാളിമാബാദിൽ സ്വദ്റായിരുന്നു. മറ്റു സ്ഥലങ്ങളിലും സ്വദ്ർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ.

അദ്ദേഹത്തിന്റെ ഭാര്യ അമത്തുൽബാരി സാഹിബ എഴുതുന്നു:എപ്പോഴും ഞാൻ അദ്ദേഹത്തെ നോമ്പും സ്വലാത്തും കൃത്യനിഷ്ഠയോടെ പാലിക്കുന്നതാണ് കണ്ടത്. അദ്ദേഹത്തിന്റെ മനസ്സ് മസ്ജിദിൽ ആയിരുന്നു. ഉത്തരവാദപ്പെട്ട ഭർത്താവും തഅ്ലീം തർബിയ്യത്ത് കാര്യങ്ങൾ വളരെ ശ്രദ്ധിക്കുന്ന ആളുമായിരുന്നു. അശരണരെ സഹായിക്കുന്നതിന് അദ്ദേഹത്തിന് തൗഫീഖ് കിട്ടി. ഖിലാഫത്തിനെ അങ്ങേയറ്റം സേന്ഹിക്കുന്ന ആളായിരുന്നു. വ്യക്തവും സ്പഷ്ടവുമായി കാര്യങ്ങൾ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകളെ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

---

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

**വിവാഹാവസരത്തിലെ ഡാൻസും പാട്ടും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945 ജനുവരി 20)

ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്)പറയുന്നു: വിവാഹത്തിൽ എത്രവേണമെങ്കിലും ദഫ് മുട്ടിക്കൊള്ളുക. ഇതിന് വിരോധമില്ല. പാട്ടും പാടുക.......പക്ഷേ, അത്തരം അവസരത്തിൽ അനുവദനീയമല്ലാത്ത ആചാരങ്ങൾ ചെയ്യരുത്........കാരണം അത് സമൂഹത്തെ സമ്മർദ്ദത്തിലാക്കുകയും മുസ്വീബത്തുകളിൽ അകപ്പെടുത്തുകയും ചെയ്യും.(മജ്‌ലിസെ ഇർഫാൻ ലജ്ന ഇമാഇല്ലാഹ് കറാച്ചി പേജ് 134)

ഹദ്റത്ത് ലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറയുന്നു:ഈയിടെയായി ഡെക്കും ഇതിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു. കല്യാണത്തിന്റേയും വിവാഹത്തിന്റേയും പാട്ടുകൾ തുടങ്ങിയവയ്ക്കായി ഒരു സൗണ്ട് സിസ്റ്റവും ഉപയോഗിക്കാതിരിക്കേണ്ടതാണ്. വീട്ടിനു വെളിയിൽ ശബ്ദം പുറത്തുവരാതിരിക്കേണ്ടതാണ്.(കത്ത് 2010 ജനുവരി 22)(ശുഅ്ബയെ രശ്ത നാത്വ, നളാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin